# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിളിമാന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**

**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ടി.വി.എം/ജി.പി. 9/1472/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിളിമാനൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ടി.വി.എം/ജി.പി. 9/1472/21 തീയ്യതി: 07/12/2021

## തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 08-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 52 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2021 | 28-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2021 | 28-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലിഷ.കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി.വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജലക്ഷ്മി അമ്മാൾ.എസ്. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| | | | |

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ടി.ആർ.മനോജ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 01-04-2020 | 01-01-2021 |
| ശ്രീ. മനോജ് കുമാർ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-01-2021 | 19-01-2021 |
| ശ്രീ. സുനിൽ കുമാർ.ബി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-01-2021 | 31-01-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 01-02-2021 | 07-02-2021 |
| ശ്രീ. ഷാജി.എൻ. | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നസീമ ബീവി.എം. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശാലുമോൾ.എസ്.എസ്. | വെറ്ററിനറി സർജൻ | 01-04-2020 | 21-10-2020 |
| ഡോ. അനുപമ ശശിധരൻ | വെറ്ററിനറി സർജൻ | 22-10-2020 | 31-03-2021 |
| ഡോ.സുധീർ ജേക്കബ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഉഷ.കെ.കെ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. മാലിനി.ആർ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ. ബിനു.കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി ശരണ്യ.എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സർക്കിൾ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി ഷൈബി.എസ്.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശാന്ത കുമാരി അമ്മ.ടി.വി. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, കിളിമാനൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീമതി സ്മിത.ബി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 31-03-2021 |
| ശ്രീമതി സുജിത കുമാരി.ആർ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 12-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-6 |
| 7 | ജി.എസ്.ടി, ആദായനികുതി എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-6-1 |
| 8 | ടെണ്ടർ നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-6-2 |
| 9 | എം.ബുക്കുകളിൽ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-6-3 |
| 10 | തൊഴിലുറപ്പ് പദ്ധതി- സർക്കുലർനിർദ്ദേശങ്ങൾ -പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-6-4 |
| 11 | തൊഴിലുറപ്പ് പദ്ധതി - 27159430/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Manesh.B.H (Audit Officer, On 10-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-6-5 |
| 12 | ക്ഷേമപദ്ധതികൾ<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-7 |
| 13 | മരണപ്പെട്ട വ്യക്തികൾക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തു<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-7-1 |
| 14 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 26-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-10 |
| 17 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ.<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-11 |
| 18 | വസ്തു നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-12 |
| 19 | സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-12-1 |

| | | |
|---|---|---|
| 20 | ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-12-2 |
| 21 | മുൻകാല പ്രാബല്യത്തിൽ നികുതിയിളവ് നൽകി<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-12-3 |
| 22 | 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-13 |
| 23 | വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-14 |
| 24 | വസ്തുനികുതി മേഖലാ നിർണയത്തിലെ -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-15 |
| 25 | വാർഡ് അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-15-1 |
| 26 | ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-15-2 |
| 27 | സാംഖ്യയിൽ റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-16 |
| 28 | വസ്തുനികുതി നിർണയം-പഞ്ചായത്ത് രാജ് ചട്ടം പാലിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-17 |
| 29 | വേക്കൻസി റെമിഷൻ- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-18 |
| 30 | മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-19 |
| 31 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കന്നതിൽ അപാകത<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-20 |
| 32 | ഒറ്റത്തവണ കെട്ടിട നികുതി സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 1-21 |
| 33 | ഡേറ്റാപ്യൂരിഫിക്കേഷൻ ഫോറം-6 പരിശോധനയക്ക് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-22 |
| 34 | തൊഴിൽനികുതി-പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-23 |
| 35 | പഞ്ചായത്ത് കോമ്പൌണ്ടിലെ മരങ്ങളുടെ ലേലനടപടിയിലെ അപാകങ്ങൾ<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-24 |
| 36 | എഫ്.എച്ച്.സി.കോമ്പൌണ്ടിലെ മരം മുറിച്ചത് അപാകതകൾ<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-25 |
| 37 | FTEAOSലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: KALA P. (Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 1-26 |
| 38 | അനധികൃത കെട്ടിടനിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 01-10-2021) | 1-27 |
| 39 | | 1-28 |

| | | |
|---|---|---|
| | വിവരാവകാശ രജിസ്റ്റർ- പരിപാലനത്തിലെ അപാകങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | |
| 40 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 28-09-2021)<br>Last Updated By: Manesh.B.H (Audit Officer, On 01-10-2021) | 1-29 |
| 41 | ആസ്തി സംരക്ഷണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-30 |
| 42 | കമ്മിറ്റികൾ- അവലോകനം<br>Written By: Shalini V K (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-31 |
| 43 | ഗ്രാമ പഞ്ചായത്തിന്റെ സമാഹരണ നടപടിക്രമങ്ങളിൽ പ്രൊക്യുർമെന്റ് കമ്മിറ്റി ഇടപെടലില്ല.<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-32 |
| 44 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-33 |
| 45 | ജലശ്രീ കിണർ റീചാർജ്ജ്- നിർവ്വഹണത്തിലെ അപാകം<br>Written By: Zeena K (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 1-34 |
| 46 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-35 |
| 47 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം - ഉചിതമായ നടപടി സ്വീകരിക്കുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-36 |
| 48 | എം.ബുക്കിൽ അളവ് തീയതി രേഖപ്പെടുത്തിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 1-37 |
| 49 | സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-38 |
| 50 | എഫ്.എച്ച്.സിയിൽ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 29-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-39 |
| 51 | ആർദ്രം പദ്ധതിയുടെ ഭാഗമായി ഡോക്ടർ നിയമനം- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-09-2021)<br>Last Updated By: K Sreeja (Deputy Director, On 07-12-2021) | 1-40 |
| 52 | കാർഷിക പ്രോജക്ടുകൾ മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-41 |
| 53 | ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-42 |
| 54 | പ്രത്യേക കന്നുകുട്ടി പരിപാലനം - - സബ്സിഡി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-43 |
| 55 | തെരുവ് നായ നിയന്ത്രണം - തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല - 98700/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: K Sreeja (Deputy Director, On 12-11-2021) | 1-44 |
| 56 | പശുക്കുട്ടി വളർത്തൽ -അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-45 |

| | | |
|---|---|---|
| 57 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക 34,13,791 തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-46 |
| 58 | ജല ജീവൻ മിഷൻ പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല- തുക 3,84,075/- തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-47 |
| 59 | തെരുവ് വിളക്ക്- പരിപാലനം അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-48 |
| 60 | ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണി-അപാകങ്ങൾ - 289000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-49 |
| 61 | ലൈഫ് മൂന്നാം ഘട്ടം ഭവന സമുച്ചയ നിർമ്മാണത്തിന് ഭൂമി വാങ്ങൽ- അപാകങ്ങൾ - 63,84,789/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-50 |
| 62 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമാക്കിയില്ല - 150000/- രൂപ തടസ്സപ്പെടുത്തുന്<br>Written By: Lisha.K.V (Asst. Audit Officer, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-51 |
| 63 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അനിവാര്യം<br>Written By: Lisha.K.V (Asst. Audit Officer, On 01-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-52 |
| 64 | അങ്കണവാടി പോഷകാഹാര വിതരണം - സ്റ്റോക്കിലെ അപാകതകൾ<br>Written By: Lisha.K.V (Asst. Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-53 |
| 65 | ബഡ്സ് സ്കൂൾ -അടിസ്ഥാന സൌകര്യ വികസനം, അംഗീകാരം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 1-54 |
| 66 | ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ അനിവാര്യം<br>Written By: Lisha.K.V (Asst. Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 1-55 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് പശുക്കുട്ടി വളർത്തൽ -അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി<br>Written By: Manesh.B.H (Audit Officer, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 28-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-11-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 27-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 08-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 02-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 26-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 12.03.2020 ലെ 1 (1)ാം നമ്പർ പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പൾപ്പടെ പ്രതീക്ഷിത വരവ് 217128270/- രൂപയും പ്രതീക്ഷിത ചെലവ് 210575118/- രൂപയുമാണ്.

ബജറ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1) ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വളരെയധികം വ്യത്യാസം വന്നു.**

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 203581000 | 210575118 |
| വാർഷിക ധനകാര്യപത്രിക | 83294680 | 111550432 |
| വ്യത്യാസം | 120286320 | 99024686 |

ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള ക്ഷേമപെൻഷനുകളുടെയും ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതികളുടെയും വരവ് ഉൾപ്പെട്ടാൽ അന്തരമില്ലായെന്നു വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം 34/2021 ന്റെ മറുപടി). ബഡ്ജറ്റ് ഷെഡ്യൂളുകൾ തയ്യാറാക്കുമ്പോൾ എല്ലാ ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**2) ബജറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ)**നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രോപ്പോസലുകൾ ആവശ്യപ്പെടൽ ഡിസംബർ 15 ന മുമ്പാണ്. എന്നാൽ ഫയൽ പരിശോധനയിൽ ആയതു 3.01.2020 ൽ മാത്രമാണ് സെക്രട്ടറി കത്ത് നൽകിയിരിക്കുന്നത്.

**ബി)**നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ ജനുവരി 15-ന മുമ്പ് സമർപ്പിക്കേണ്ടതാണ്. എന്നാൽ, ഘടകസ്ഥാപനങ്ങൾ നോൺ പ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ 18.01.2020ന സമർപ്പിക്കണമെന്നാണ് നിർദേശം നൽകിയത്. നിർവഹണോദ്യോഗസ്ഥർ അവ സമർപ്പിച്ചിരിക്കുന്നത് പ്രസ്തുത സമയക്രമം പാലിക്കാതെയാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 നുള്ള മറുപടിയിൽ കോവിഡിന്റെ നിയന്ത്രണങ്ങൾ വന്നതിനാലാണ് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതെന്നും ഭാവിയിൽ നിയമ പ്രകാരമുള്ള സമയപരിധിയിൽ തന്നെ ബജറ്റ് നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.07.2021 | -- | -- |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) ബാലൻസ് ഷീറ്റ് B 4 Scheduleൽ ചുവടെ ചേർക്കുന്ന ഇനങ്ങൾ മാറ്റമില്ലാതെ 2019-20, 2020-21 വർഷങ്ങളിൽ അവശേഷിക്കുന്നു.**

| Code No | ഇനം | തുക | വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 34/21 ന്റെ മറുപടി ) |
|---|---|---|---|
| 320200205 | Fund For Transferred Institutions-Social Welfare-Capital | 22000/- | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി തുക ചെലവഴിക്കുന്നതാണെന്നു അറിയിച്ചിരിക്കുന്നു. |
| 320200309 | Literacy Scheme Grant | 40061/- | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതാണെന്നു അറിയിച്ചിരിക്കുന്നു. തുക ലഭ്യമായ |

| | | | |
|---|---|---|---|
| | | | സ്രോതസിലേക്ക് തന്നെ തിരിച്ചടക്കുവാൻ നിർദ്ദേശിക്കുന്നു. |
| 320700104 | Contributions For Joint Venture Projects-Block Panchayat (For Capital Expenditure) | 59436/- | ഭരണസമിതിയുടെ തീരുമാനത്തിനു വിധേയമായി പ്രസ്തുത തുക സർക്കാരിലേക്ക് അടവാക്കുന്നതാണെന്നു അറിയിച്ചിരിക്കുന്നു |
| 320700204 | Contributions For Joint Venture Projects-Block Panchayat(For Revenue Expenditure) | 707608/- | ലൈഫ് പദ്ധതിയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക ഒഴികെ ബാക്കിയുള്ള തുക ഭരണസമിതിയുടെ തീരുമാനത്തിനു വിധേയമായി സർക്കാരിലേക്ക് അടവാക്കുന്നതാണെന്നു അറിയിച്ചിരിക്കുന്നു |
| 320700205 | Contributions For Joint Venture Projects-District Panchayat(For Revenue Expenditure) | 85878/- | ഭരണസമിതിയുടെ തീരുമാനത്തിനു വിധേയമായി പ്രസ്തുത തുക സർക്കാരിലേക്ക് അടവാക്കുന്നതാണെന്നു അറിയിച്ചിരിക്കുന്നു |

**<u>2)ഗുണഭോക്തൃ വിഹിതം തുകയായ 19420/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>**

വെറ്റിനറി സർജൻ നിർവഹണം നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് പശുകുട്ടി വളർത്തൽ എന്ന പദ്ധതിയിൽ രണ്ടു പേരുടെ ഗുണഭോക്തൃ വിഹിതമായ 16000/-രൂപയുൾപ്പെട്ട തുകയാണ്. 19,420/- അതിൽ ഒരാൾക്ക് നിലവിൽ ആനുകൂല്യം വേണ്ടയെന്നും അവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത തുകതിരികെ നൽകുന്നതാണെന്നും മറ്റേയാൾക്ക് സ്പിൽ ഓവറായി പ്രോജക്ട് വച്ച് ആനുകൂല്യം അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3420/-രൂപ മുൻകാലങ്ങളിലെ നീക്കിയിരിപ്പാണ്. തുക ആവശ്യപ്പെട്ടുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ റിക്വസിഷൻ സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് പ്രസ്തുത തുക അവശേഷിക്കുന്നത്. ആയതു പരിഹരിക്കുവാൻ നിർദ്ദേശം നൽകുന്നതാണെന്നു അറിയിച്ചിട്ടുണ്ട്.

**<u>3) Auction Deposit നീക്കിയിരിപ്പിൽ വ്യത്യാസം</u>**

Auction Deposit ആയി തൻവർഷം 2575/- രൂപയുടെ വരവുണ്ടെങ്കിലും പ്രസ്തുത ഇനത്തിൽ ചെലവില്ല. എന്നാൽ ആയതു നീക്കിയിരിപ്പിലെ തുകയിൽ ഉൾപ്പെട്ടിട്ടില്ല. ഇന്ററപ്റ്റഡ് രസീത് മുഖാന്തിരം വരവെടുത്തതിനാലാണ് പ്രസ്തുത വ്യത്യാസം വന്നിരിക്കുന്നതെന്നും ആയതു റെക്ടിഫിക്കേഷൻ ജേണൽവഴി മറ്റം വരുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം 34/21-നുള്ള മറുപടി പ്രകാരം അറിയിച്ചിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിൽ നോട്ട്സ് ഓൺ അക്കൗണ്ടിൽ മേൽ വിഷയങ്ങൾ പരാമർശിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 23628756 |
| വരവ് | 83294680 |
| ആകെ | 106923436 |
| ചെലവ് | 87921676 |
| നീക്കിയിരിപ്പ് | 19001760 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് * | നീക്കിയിരിപ്പ്/ ലാപ്സായ തുക# |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10523859 | 10523859 | 10514037 | 9822 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9703538 | 9703538 | 8835994 | 867544 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5070000 | 5070000 | 2838806 | 2231194 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | | 8515388 | 8515388 | 6931260 | 1584128 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 15436000 | 15436000 | 15264947 | 171053 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3630899 | 3630899 | 3630899 | 0 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| സാക്ഷരത മിഷൻ ഗ്രാന്റ് | 40061 | - | 40061 | - | 40061 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1408688 | 2348776 | 3757464 | 948074 | 2809390 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| MNREGA | 62431 | 1421620 | 1484052 | 1436592 | 47459** |
| ICDS | 591641 | 919996 | 1511637 | 600000 | 911637 |

* ACR പ്രകാരമുള്ള തുക

**B4 Schedule പ്രകാരം 1/-രൂപ കുറവ്

**1) വാർഷിക ധനകാര്യപത്രിക, ACR എന്നിവ പൊരുത്തപ്പെടുന്നില്ല.**

വാർഷിക ധനകാര്യപത്രികയും ACR ഉം പരിശോധിച്ചതിൽ ചെലവിനത്തിൽ ചുവടെ ചേർക്കുന്ന വ്യത്യാസം വന്നിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 10511037 | 10514037 |
| വികസന ഫണ്ട്-CFC-Perfomance Grant | 2808806 | 2838806 |
| മെ.ഫണ്ട്(റോഡിതരം) | 3628326 | 3630899 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/21 ന സാംഖ്യ സോഫ്റ്റ്‌വെയറിന്റെ അപാകതയെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

മേൽ സൂചിപ്പിച്ച ഇനങ്ങളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് വ്യത്യസ്ഥ തീയതികളിൽ വ്യത്യാസപ്പെട്ടു കാണുന്നു.

| ഇനം | ACR 22.05.2021 പ്രകാരം | ACR 25.09.2021 പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 10514037 | 10511037 |
| വികസന ഫണ്ട്-CFC-Perfomance Grant | 2838806 | 2808806 |
| മെ.ഫണ്ട്(റോഡിതരം) | 3630899 | 3628326 |

**2)വാർഷിക ധനകാര്യപത്രികയും ഗ്രാന്റ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യപത്രികയും ഗ്രാന്റ് സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ചെലവിനത്തിൽ ചുവടെ ചേർക്കുന്ന വ്യത്യാസം വന്നിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 10511037 | 13025928 |
| വികസന ഫണ്ട്(എസ്.സി.പി) | 8835994 | 9876347 |
| മെ.ഫണ്ട്(റോഡിതരം) | 3628326 | 3665427 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/21 നുള്ള മറുപടിയിൽ സ്രോതസിലെ കുറവ് വരുത്തിയതിനാലാണ് പ്രസ്തുത വ്യത്യാസമെന്നു അറിയിച്ചിരിക്കുന്നു. പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 11,40,37,818 | 190 | 7,13,86,369/- | 0 | 37 | 83.7 |

**1. പദ്ധതി രൂപീകരണത്തിൽ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ അനിവാര്യം**

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ മുതലായവക്ക് മുൻഗണന നൽകി പങ്കാളിത്ത ആസൂത്രണത്തിലൂടെയുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഉൾപ്പെടുത്തിയ പദ്ധതിരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ പൂർണമായി പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

**2. ആസൂത്രണ സമിതി**

പദ്ധതി മാർഗരേഖ ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

**എ)**20-21വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി 11.11.2019ന് യോഗം ചേർന്നു. അഞ്ചുപേർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗിന് നൽകേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. ഇതല്ലാതെ മറ്റൊരു യോഗം നടന്നതായി കാണുന്നില്ല.

**ബി)**2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല.

**3. <u>വികസന സെമിനാർ</u>**

മുൻഗണനകളും വിഭവലഭ്യതയും പരിഗണിച്ചുകൊണ്ട് ഭരണസമിതി കരട് പദ്ധതി രേഖ തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടതാണെന്നും വികസന സെമിനാറിൽ വിവിധ വിഭാഗങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കേണ്ടതാണെന്നും മാർഗരേഖ ഖണ്ഡിക 3.3ൽ നിർദ്ദേശിച്ചിട്ടുണ്ട്. 24.02.2020ൽ നടന്ന വികസന സെമിനാറിൽ മേഖല തിരിച്ചുള്ള വിവിധ നിർദ്ദേശങ്ങളുണ്ടായെങ്കിലും ക്രിയാത്മകമായ ചർച്ചകൾ നടന്നതായി കാണുന്നില്ല.

**4. <u>വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ</u>**

2020-21വർഷ പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ പ്രോജക്ടായി മാറിയിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പൂർണമായും പദ്ധതികളാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/22.09.2021ന്റെ മറുപടി).

| ക്രമനമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | ആരോഗ്യം | 24.02.2020 | സ്ഥാപനത്തിലെ കിണർ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം |
| Ii | വനിത വികസനം | 14.02.2020 | കെട്ടിടമുള്ള അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണവും മെയിന്റനൻസും |
| Iii | കൃഷി | 14.02.2020 | കൊയ്ത്ത് മെതിയന്ത്രം |
| Iv | പൊതുമരാമത്ത് | 14.02.2020 | മൂഴിയിൽ പാലം പൊളിച്ച് പുതിയ പാലം |
| V | കുടിവെള്ളം, ശുചിത്വം, മാലിന്യപരിപാലനം | 14.02.2020 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പദ്ധതി.<br>മുടങ്ങി കിടക്കുന്ന കുടിവെള്ള പദ്ധതികളുടെ പുനർ നിർമ്മാണം.<br>ഏറ്റവും വലിയ കോളനിയായ തോപ്പിൽ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം |
| Vi | പൊതുഭരണവും ധനകാര്യവും | 14.02.2020 | ഹോളോ ബ്രിക്സ് യൂണിറ്റുകൾ, മൊബൈൽ ടവറുകൾ എന്നിവയുടെ നികുതി ഈടാക്കുന്നതിന് കർശന നടപടി. |
| Vii | സാമൂഹ്യ നീതി | 14.02.2020 | നമ്പർ 62, 66, 70, 71, 78, 80 എന്നീ അങ്കണവാടികൾക്ക് കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യം ഒരുക്കുക.<br>സ്ഥലം ലഭ്യമായിട്ടുള്ള 77, 79 നമ്പർ അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള ഫണ്ട് അനുവദിക്കുക.<br>സ്വന്തമായി സ്ഥലം ഇതുവരെയും ലഭിക്കാത്ത 3 അങ്കണവാടികൾക്ക സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി. |
| Viii | മൃഗസംരക്ഷണവും ക്ഷീര വികസനവും | 14.02.2020 | തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനവും സബ്സിഡിയും |

**5. <u>സ്റ്റാറ്റസ് റിപ്പോർട്ട്</u>**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പഞ്ചായത്ത് സ്വീകരിച്ച പരിഹാര മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര മാർഗങ്ങൾ (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 05/22.09.2021ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണം | അതീവ ഗുരുതരം | പഞ്ചായത്ത് ഓഫീസ് കെട്ടിട സ്ഥലപരിമിതി | പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു |
| Ii | കൃഷി | അതീവ ഗുരുതരം | വ്യാപകമായ നിലം നികത്തൽ | പ്രാദേശിക തലത്തിൽ ജന പ്രതിനിധികളുടെയും കൃഷി, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കർശനമായ നിരീക്ഷണം നടത്തി വരുന്നു |
| Iii | മൃഗസംരക്ഷണം | അതീവ ഗുരുതരം | വർദ്ധിച്ച ഉല്പാദന ചെലവ് | കന്നുകാലിത്തീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനും കാലിതൊഴുത്ത് നിർമ്മാണത്തിനും പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നു |
| Iv | ദാരിദ്ര്യ ലഘൂകരണം | അതീവ ഗുരുതരം | കുടിവെള്ള ദൌർലഭ്യം | വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലജീവൻ മിഷൻ മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു |
| V | വനിതാ വികസനം | അതീവ ഗുരുതരം | സ്ത്രീകൾക്കെതിരെയുള്ള അതിക്രമണങ്ങൾ, സ്ത്രീധന പീഡനം, ഗാർഹിക പീഡനം | വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ജാഗ്രത സമിതികൾ യോഗം ചേരുന്നുണ്ട്. |

**6. <u>മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം</u>**

2020-21വർഷം അംഗീകാരം വാങ്ങിയ 116 മരാമത്ത് പ്രവൃത്തികളിൽ 92എണ്ണം നടപ്പാക്കി. നടപ്പാക്കാത്ത 24 പ്രവൃത്തികളിൽ 11 സ്പിൽഓവർ പ്രവൃത്തികളുണ്ട്.

ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പാക്കാത്തവയിൽ ഉൾപ്പെടുന്നവയാണ്.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട്നമ്പർ |
|---|---|---|
| 1 | പുതിയകാവ് എള്ളുവിള റോഡ് റീടാറിംഗ്- വാർഡ്10 (SO) | 52/21 |
| 2 | മിനി എം.സി.എഫ്. (SO) | 158/21 |
| 3 | ഒലിപ്പിൽ കീഴ്മണ്ണടി റോഡ്, മാടൻനട എള്ളുവിള റോഡ് റീടാറിംഗ്- വാർഡ് -10 (SO) | 161/21 |
| 4 | കണ്ണയംകോട് പൊതുകിണർ റോഡ് പുനരുദ്ധാരണം. വാർഡ് 12(SO) | 169/21 |
| 5 | പുലിക്കോട് റോഡ് ഫോർമേഷൻ വാർഡ്-1 (SO) | 170/21 |
| 6 | അംഗൻവാടികളിൽ ബേബി ഫ്രണ്ട് ലി ടോയ് ലറ്റ്(SO) | 175/21 |
| 7 | പനപ്പാംകുന്ന് എൽ.പി.എസ്. പെയിന്റിംഗ്(SO) | 176/21 |
| 8 | വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ(SO) | 178/21 |
| 9 | ആയുർവേദാശുപത്രി കെട്ടിടത്തിന് സീലിംഗ്(SO) | 179/21 |
| 10 | ചൂട്ടയിൽ കൊട്ടാരം റോഡ് ഇംപ്രൂവ്മെന്റ്(SO) | 188/21 |
| 11 | മിനി എം.സി.എഫ്. വാർഡ്-1 | 229/21 |
| 12 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം | 231/21 |
| 13 | എഫ്.എച്ച്.സിയിൽ കുടുംബശ്രീ കോഫീഷോപ്പ് നിർമ്മാണം | 243/21 |
| 14 | ത.സ്വ.ഭ.വ .ഏ.ഇ ഓഫീസിനു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 173/21 |
| 15 | അംഗൻവാടികളിൽ ബേബി ഫ്രണ്ടിലി ടോയിലറ്റ് | 174/21 |

ക്രമ നമ്പർ 1, 3, 7, 11 എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫണ്ടിന്റെ അഭാവം കാരണം ബിൽ മാറുന്നതിന് സാധിച്ചില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/23.09.2021ന്റെ മറുപടി). ക്രമനമ്പർ 4ലെ പ്രവൃത്തി

പൂർത്തീകരിച്ച് ഫൈനൽ ബിൽ 25.10.2019ൽ നല്കിയിട്ടുള്ളതാണെന്നും എന്നാൽ സ്പിൽ ഓവർ പ്രോജക്റ്റിൽ തെറ്റായി ഉൾപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 5, 8 എന്നിവ ഭാഗികമായി പൂർത്തീകരിച്ചതാണെന്നും സ്ഥലത്തിലുണ്ടായ തർക്കങ്ങൾ മൂലവും കരാറുകാരൻ കോവിഡ് ബാധിതനായിതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതെന്നും ക്രമനമ്പർ 13 പ്രവൃത്തിക്കായി കരാർ വച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്. ക്രമ നമ്പർ14ലെ പ്രവൃത്തിക്കുവേണ്ടി കെൽട്രോണിൽ ഓർഡർ നൽകിയെങ്കിലും ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. പ്രവൃത്തി കരാറുകാരൻ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും കോവിഡ് പാശ്ചാത്തലത്തിൽ പ്രവൃത്തിക്ക് കാലതാമസം വന്നിട്ടുണ്ടെന്നുമാണ് ക്രമ നമ്പർ15നടപ്പാക്കാഞ്ഞതിനുള്ള വിശദീകരണം.

പ്രവൃത്തി സ്ഥലത്തെ തർക്കങ്ങൾ മുൻകൂട്ടി കണ്ടെത്തി യഥാസമയം പരിഹരിച്ച് ഫണ്ടിന്റെ പൂർണമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 62431 | 1421620 | 1484051 | 1436592 | 47459 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 42755000 | 42755000 | 42755000 | 0 |
| **ആകെ** | **62431** | **1421620** | **44239051** | **44191592** | **47459** |

## 1-6-1 ജി.എസ്.ടി, ആദായനികുതി എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിലങ്ങറ തീയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| വിലങ്ങറ തീയ റോഡ് കോൺക്രീറ്റിംഗ് | 59/2020-21 | സനിൽ ട്രേഡേഴ്സ് | 277958 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.36 ന് പ്രസ്തുത പ്രവൃത്തിയുടെ ഫണ്ട് 16.7.2021ൽ ആണ് കരാറുകാരന് ലഭിച്ചിട്ടുള്ളതെന്നും അതിനാലാണ് ജി.എസ്.ടി അടക്കുന്നതിന് കാലതാമസം നേരിട്ടതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് കത്ത് നൽകി നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-6-2 ടെണ്ടർ നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല

വിലങ്ങറ തീയ റോഡ് കോൺക്രീറ്റ് പ്രവൃത്തിയ്ക്കായി സാധനങ്ങൾ സമാഹരിക്കുന്നതിന് ശ്രീ. സനൽകുമാറിന് മെറ്റീരിയൽ ഇനത്തിൽ 277958/- രൂപ എസ്റ്റിമേറ്റ് നിരക്കിൽ എം. ബുക്ക് നം. 59/2020-21 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, ടെണ്ടറുകൾ, എഗ്രിമെന്റ് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. എം.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ പ്രവൃത്തികൾക്കായി 2020 മാർച്ച് മാസം ഇ-ടെണ്ടർ നടത്തിയിരുന്നുവെന്നും എന്നാൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ റീ ടെണ്ടർ ചെയ്തുവെന്നും എന്നാൽ അതും ആരും സ്വീകരിക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചുവെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 36-ന്റെ മറുപടി). അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.സനൽകുമാറിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയാണുണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ മറുപടിയ്ക്ക് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ തന്നെ മറുപടിയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

എസ്റ്റിമേറ്റ് നിരക്കിൽ മെറ്റീരിയൽ സമാഹരിച്ചതു വഴി ഈയിനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6-3 എം.ബുക്കുകളിൽ അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ

നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.36 ന് ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-6-4 തൊഴിലുറപ്പ് പദ്ധതി- സർക്കുലർനിർദ്ദേശങ്ങൾ -പാലിക്കുന്നില്ല

**1.** താഴെപ്പറയുന്ന പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രവൃത്തികളിൽ 1.1.2011ലെ 73945/ഡി.ഡി 2/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഉള്ള മൂല്യനിർണയ സാക്ഷ്യപത്രം ഫയലിനോടൊപ്പംസൂക്ഷിച്ചിട്ടില്ല.

**എ)** എം. ബുക്ക് നം. 165/2019-20 ആട്ടിൻ കൂട് നിർമ്മാണം

**ബി)** എം. ബുക്ക് നം.102/2019-20 വ്യക്തിഗത കാലിത്തൊഴുത്ത് നിർമ്മാണം

**സി)** എം. ബുക്ക് നം. 1062019-20 കിണർനിർമ്മാണം

**ഡി)** എം. ബുക്ക് നം. 141/2019-20 കിണർ റീചാർജ്ജിംഗ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.50 ന് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ മൂല്യനിർണയ സാക്ഷ്യപത്രം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടിലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2. സ്പിൽ ഓവർ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചില്ല.**

എം.ബുക്ക് (നം. 102/2019-20), ഫയൽ എന്നിവ പ്രകാരം വ്യക്തിഗത കാലിത്തൊഴുത്ത് നിർമ്മാണം 12.3.2018ൽ ആരംഭിച്ചതാണ്. വേജ് ലിസ്റ്റ് പ്രകാരം 30. 3.2021ലാണ് I & Part Bill നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തുക 89000/- രൂപ വകയിരുത്തിയിരുന്ന പ്രോജക്ടിൽ I & Part Bill പ്രകാരം ആകെ 49307/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് പ്രസ്തുതപ്രോജക്ട് 12.03.2018ൽ ആരംഭിച്ചതാണെന്നും എന്നാൽ ആ വർഷം അടിസ്ഥാനം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള അവിദഗ്ധ വേതന പ്രവൃത്തികൾ മാത്രമാണ് നടന്നിരുന്നതെന്നും അതിനുശേഷം പ്രവൃത്തി നടക്കാതെ വരികയും 2020-21 സാമ്പത്തിക വർഷമാണ് റൂഫ് ലെവൽ വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

2017-18 ൽ ആരംഭിച്ച പ്രവൃത്തികൾ 2020-21ലും പൂർത്തീകരിക്കാത്തത് ശരിയായ നടപടിയല്ല. പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6-5 തൊഴിലുറപ്പ് പദ്ധതി - 27159430/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ 152 പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ 14 ഫയലുകൾ മാത്രമാണ് ആദ്യഘട്ടത്തിൽ ലഭ്യമാക്കിയിട്ടുള്ളത് . അതിനെത്തുടർന്ന് ഓഡിറ്റ് എൻക്വയറി 45 മുഖേന ആവശ്യപ്പട്ടതിൽ 8 ഫയലുകൾ കൂടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 130 ഫയലുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | തീയതി |
|---|---|---|---|
| 1 | നീർത്തടാധിഷ്ഠിതമായി തട്ട് തിരിക്കൽ കോണ്ടൂർ ബണ്ടിംഗ്, കയ്യാലനിർമ്മാണം വാർഡ് 3 | 128168 | 26.03.2021 |
| 2 | പെരിങ്ങേലി കണ്ണയംകോട് ഏലാത്തോട് പുനരുദ്ധാരണം വാർഡ് 12 | 99160 | 26.3.2021 |
| 3 | തരിശുനിലങ്ങൾപാട്ടത്തിനെടുത്ത് കൃഷിയ്ക്കുനയോജ്യമാക്കൽ വാർഡ് 8 | 317904 | 23.07.2020 |
| 4 | നീർത്തടാധിഷ്ഠിതമായി തട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ് കയ്യാല, നിർമ്മാണം ഘട്ടം 2, വാർഡ് 15 | 135568 | 30.06.2020 |
| 5 | ലൈഫ് പ്രോജക്ട് വീട് നിർമ്മാണം രാജി മോൾ 11/245 | 26190 | 12.11.2020 |
| 6 | ലൈഫ് പ്രോജക്ട് വീട് നിർമ്മാണം ഷീബ12/401 | 26190 | 16.01.2021 |
| | | | |

| | | | |
|---|---|---|---|
| 7 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം സന്തോഷ് 12/292 | 26190 | 02.12.2020 |
| 8 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം ശോഭിത 14/281 | 26190 | 16.01.2021 |
| 9 | നീർത്തടാധിഷ്ഠിതമായി തട്ട് തിരിക്കൽ , കോണ്ടൂർ ബണ്ടിംഗ് കയ്യാല നിർമ്മാണം, വാർഡ് 10 | 130240 | 21.07.2020 |
| 10 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം ശാന്ത 10/26 | 26190 | 3.2.2021 |
| 11 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം ബിന്ദു 5/269 | 26190 | 27.11.2020 |
| 12 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം കുക്ക 5/281 | 26190 | 18.12.2020 |
| 13 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം മഞ്ജു 13/209 | 26190 | 18.12.2020 |
| 14 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം ഓമന അമ്മ 7/92 | 26190 | 18.12.2020 |
| 15 | തരിശ്ശു നിലങ്ങൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ് 5 | 477744 | 26.11.2020 |
| 16 | കിണർ നിർമ്മാണം ലീനകുമാരി 13/309 | 24080 | 13.10.2020 |
| 17 | ലൈഫ് പ്രോജക്റ്റ് വീട് നിർമ്മാണം ശാരദ 15/352 | 26190 | 18.12.2020 |
| 18 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 13 | 118696 | 29.12.2020 |
| 19 | വൃക്ഷത്തൈകൾ നടീലും പരിപാലനവും വാർഡ് 8 | 111888 | 29.12.2020 |
| 20 | കല്ലയിൽ കിടാരക്കുഴി തോട് പുനരുദ്ധാരണം വാർഡ് 1 | 110112 | 16.06.2020 |
| 21 | മുണ്ടപ്പള്ളിക്കോണം മുതൽ അരശ്ശുവിള വരെയുള്ള തോട് പുനരുദ്ധാരണം വാർഡ് 4 | 119880 | 22.6.2020 |
| 22 | ചൂരക്കുഴി കൊക്കോട് തോട് പുനരുദ്ധാരണം വാർഡ് 5 | 97384 | 6.12.2020 |
| 23 | റബ്ബർബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവൃത്തികൾ വാർഡ്15 | 438968 | 8.3.2021 |
| 24 | തരിശ്ശുനിലങ്ങൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ് 14 | 474488 | 1.2.2020 |
| 25 | അരശ്ശുവിള അഞ്ചുമൂട് ഏലാത്തോട് നവീകരണൺ വാർഡ് 6 | 181152 | 22.06.2020 |
| 26 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ് 7 | 333296 | 14.8.2020 |
| 27 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ് 2 | 473896 | 11.12.2020 |
| 28 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ് 8 | 472120 | 13.01.2021 |
| 29 | കൊച്ചുകോണത്ത് കടയ്ക്കലഴികം ചെറുതോട് പുനരുദ്ധാരണം വാർഡ് 7 | 95904 | 30.03.2021 |
| 30 | കൊട്ടറ ചൂട്ടയിൽതോട് പുനരുദ്ധാരണം വാർഡ് 11 | 95312 | 12.03.2021 |
| 31 | വരിഞ്ഞോട്ടുകോണം പഴയ ചന്ത ഏലാത്തോട് പുനരുദ്ധാരണം വാർഡ് 15 | 91760 | 26.03.2021 |
| | | | |

| | | | |
|---|---|---|---|
| 32 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 7 | 266992 | 24.09.2020 |
| 33 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 11 | 263144 | 11.12.2020 |
| 34 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 9 | 467976 | 10.11.2020 |
| 35 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 15 | 477744 | 27.10.2020 |
| 36 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 7 | 211936 | 9.10.2020 |
| 37 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 9 | 477448 | 18.12.2020 |
| 38 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 7 | 470048 | 16.01.2021 |
| 39 | ലൈഫ് പ്രോജക്ട് വീട് നിർമ്മാണം കുമാർ 2/202 | 26190 | 2.3.2021 |
| 40 | വൃക്ഷത്തൈകൾ നടീലും പരിപാലനവും വാർഡ് 10 | 103304 | 22.06.2020 |
| 41 | വൃക്ഷത്തൈകൾ നടീലും പരിപാലനവും വാർഡ് 14 | 123728 | 23.06.2020 |
| 42 | വൃക്ഷത്തൈകൾ നടീലും പരിപാലനവും വാർഡ് 15 | 119584 | 22.06.2020 |
| 43 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 1 | 472712 | 5.2.2021 |
| 44 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 4 | 468864 | 26.2.2021 |
| 45 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 1 | 318496 | 7.8.2020 |
| 46 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 2 | 396048 | 28.7.2020 |
| 47 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 3 | 396344 | 25.8.2020 |
| 48 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 4 | 389832 | 29.7.2020 |
| 49 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 5 | 396640 | 24.8.2020 |
| 50 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 6 | 469752 | 18.9.2020 |
| 51 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 11 | 395456 | 14.8.2020 |
| 52 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് | 450808 | 8.11.2020 |

| | | | |
|---|---|---|---|
| | അനുയോജ്യമാക്കൽ വാർഡ്12 | | |
| 53 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 13 | 476560 | 14.8.2020 |
| 54 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 9 | 473600 | 12.01.2021 |
| 55 | ലൈഫ് പ്രോജക്ട് ഭവനനിർമ്മാണം ശശിധരൻ ആചാരി 14/290 | 26190 | 22.1.2021 |
| 56 | ബ്ലോക്ക് കോമ്പൗണ്ടിനുള്ളിലെ വികസന പ്രവർത്തനങ്ങൾ | 47656 | 10.9.2020 |
| 57 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 4 | 475376 | 23.10.2020 |
| 58 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 4 | 118400 | 7.1.2021 |
| 59 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 7 | 118400 | 22.1.2021 |
| 60 | കൈതത്തട്ടിൽ വലിയകോണംചെറുതോട് പുനരുദ്ധാരണം വാർഡ് 2 | 163392 | 30.3.2021 |
| 61 | പേരയിൽ തോയിക്കോണം വെള്ളറതോട്ടിൻകര ചെറുതോട് പുനരുദ്ധാരണം വാർഡ്2 | 95312 | 24.3.2021 |
| 62 | പുളിങ്കുഴി മുതൽമണ്ഡപം വരെയുള്ള തോട് പുനരുദ്ധാരണം വാർഡ് 7 | 97680 | 3.2.2021 |
| 63 | പുളിമ്പള്ളിക്കോണം പള്ളിവാതുക്കൽഏലാത്തോട് പുനരുദ്ധാരണംവാർഡ് 7 | 96496 | 3.2.2021 |
| 64 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 6 | 477152 | 17.7.2020 |
| 65 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 6 | 281496 | 14.10.2020 |
| 66 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 12 | 161024 | 22.9.2020 |
| 67 | ലൈഫ് പ്രോജക്ട്ഭവനനിർമ്മാണം സന്ധ്യാമോൾ 5/273 | 26190 | 11.11.2020 |
| 68 | നഴ്സറി റൈസിഗ് വാർഡ് 10 | 121360 | 24.12.2020 |
| 69 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനുയോജ്യമാക്കൽ വാർഡ് 8 | 486328 | 30.10.2020 |
| 70 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 3 | 248640 | 21.10.2020 |
| 71 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 5 | 292152 | 30.10.2020 |
| 72 | കൈതത്തട്ടിൽ വലിയകോണം ചെറുതോട് പുനരുദ്ധാരണം | 94424 | 19.3.2021 |

| | | | |
|---|---|---|---|
| | വാർഡ് 2 | | |
| 73 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 5 | 466200 | 27.8.2020 |
| 74 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 12 | 134976 | 23.10.2020 |
| 75 | നീരഴിക്കുളം കനാൽ നവീകരണം വാർഡ് 4 | 95904 | 30.3.2021 |
| 76 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്11 | 468864 | 7.1.2021 |
| 77 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്6 | 476560 | 13.1.2021 |
| 78 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്10 | 480112 | 9.2.2021 |
| 79 | വൃക്ഷത്തൈകൾ നടീലും പരിപാലനവുംവാർഡ് 6 | 122840 | 8.7.2020 |
| 80 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്12 | 512376 | 14.12.2020 |
| 81 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 13 | 208976 | 11.02.2020 |
| 82 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 1 | 215192 | 2.2.2021 |
| 83 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്15 | 465904 | 20.02.2021 |
| 84 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്6 | 430088 | 22.2.2021 |
| 85 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്12 | 480408 | 2.3.2021 |
| 86 | വൃക്ഷത്തൈകൾനടീലും പരിചരണവും | 53576 | 26.3.2021 |
| 87 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്13 | 468272 | 16.1.2021 |
| 88 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്13 | 475672 | 2.3.2021 |
| 89 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്10 | 468864 | 3.3.2021 |
| 90 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്11 | 473008 | 24.3.2021 |
| 91 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 12 | 186184 | 6.11.2020 |
| 92 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് | 476264 | 10.12.2020 |

| | | | |
|---|---|---|---|
| | അനയോജ്യമാക്കൽ വാർഡ്1 | | |
| 93 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്14 | 473008 | 16.3.2021 |
| 94 | തേവയിൽ കാലാക്കോട്തോട് നവീകരണം വാർഡ് 3 | 94720 | 16.3.2021 |
| 95 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 12 | 151256 | 28.9.2020 |
| 96 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 1 | 468864 | 26.8.2020 |
| 97 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 2 | 495504 | 23.10.2020 |
| 98 | മണ്ഡപം വാലഞ്ചേരി ഏലാത്തോട് പുനരുദ്ധാരണം വാർഡ് 8 | 211640 | 21.10.2020 |
| 99 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 7 | 133496 | 18.11.2020 |
| 100 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 9 | 133200 | 6.11.2020 |
| 101 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 13 | 116920 | 30.10.2020 |
| 102 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 15 | 133200 | 24.11.2020 |
| 103 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 3 | 216080 | 17.11.2020 |
| 104 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്7 സ്റ്റേജ് 4 | 468864 | 30.12.2020 |
| 105 | നഴ്സറി റൈസിംഗ് വാർഡ് 7 | 121360 | 22.1.2021 |
| 106 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്8 സ്റ്റേജ് 2 | 174344 | 5.11.2020 |
| 107 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്15 | 424464 | 11.12.2020 |
| 108 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്13 | 473008 | 17.12.2020 |
| 109 | പഴയ ചന്ത നടുവട്ടം ഏലാത്തോടു പുനരുദ്ധാരണം | 95312 | 27.2.2021 |
| 110 | തോയിക്കോണംതോട് പുനരുദ്ധാരണം വാർഡ് 2 | 154808 | 12.3.2021 |
| 111 | പാങ്ങോട്ട് കോണം മുതൽ അരശുവിള വരെയുള്ളതോട് പുനരുദ്ധാരണം വാർഡ്4 | 151848 | 17.3.2021 |
| 112 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്11 | 314352 | 28.9.2020 |
| 113 | തരിശ്ശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് | 468568 | 18.9.2020 |

| | | | |
|---|---|---|---|
| | അനയോജ്യമാക്കൽ വാർഡ്14 | | |
| 114 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 14 | 216080 | 28.10.2020 |
| 115 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 5 | 134976 | 10.11.2020 |
| 116 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്3 | 410848 | 30.3.2021 |
| 117 | റബ്ബർ ബോർഡുമായി സംയോജിച്ചുള്ള നീർത്തടാധിഷ്ഠിത പ്രവത്തികൾ വാർഡ് 12 | 497872 | 30.07.2020 |
| 118 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 8 | 140008 | 26.8.2020 |
| 119 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 1 | 179080 | 12.10.2020 |
| 120 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 11 | 131424 | 10.11.2020 |
| 121 | പ്ലാപ്പള്ളിയിള തോട്പുനരുദ്ധാരണം വാർഡ്14 | 48248 | 14.7.2020 |
| 122 | ആലത്തുകാവ് മുണ്ടയിൽക്കോണം തോട് പുനരുദ്ധാരണംവാർഡ്14 | 48840 | 14.07.2020 |
| 123 | കൺസ്ട്രക്ഷൻ ഓഫ് സോക്ക് പിറ്റ്, രാജലക്ഷ്മി അമ്മ 12/346 | 8494 | 8.7.2020 |
| 124 | ലൈഫ് ഭവനനിർമ്മാണം ശോഭ 7/359 | 26190 | 23.10.2020 |
| 125 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്2 | 472712 | 30.12.2020 |
| 126 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്3 | 475576 | 11.2.2021 |
| 127 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്4 | 479224 | 27.11.2020 |
| 128 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 10 | 159840 | 25.8.2020 |
| 129 | നീർത്തടാധിഷ്ഠിതമായിതട്ട് തിരിക്കൽ, കോണ്ടൂർ ബണ്ടിംഗ്, കയ്യാല നിർമ്മാണം വാർഡ് 11 | 119584 | 11.5.2020 |
| 130 | തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് കൃഷിയ്ക്ക് അനയോജ്യമാക്കൽ വാർഡ്8 | 351056 | 22.1.2021 |

27159430/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാഞ്ഞത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുക (I-6) | സ്ഥാപനം | |
|---|---|---|---|
| | | ലഭ്യമാക്കിയ തുക | ഗുണഭോക്താക്കളുടെ |

| | | | എണ്ണം |
|---|---|---|---|
| തൊഴിൽ രഹിതവേതനം | 93600 | 93600 | 139 |
| കർഷകതൊഴിലാളിപെൻഷൻ | 5062400 | 841200 | 342 |
| വാർദ്ധക്യകാലപെൻഷൻ | 28825700 | 4856000 | 2004 |
| വികലാംഗപെൻഷൻ | 3864900 | 643200 | 253 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ളവരായ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 443700 | 64800 | 27 |
| വിധവാ പെൻഷൻ | 15393400 | 2297000 | 936 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളും സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അപാകത്തിന്റെ വിശദീകരണം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-7-1 മരണപ്പെട്ട വ്യക്തികൾക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തു

ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവന സോഫ്റ്റ് വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണശേഷവും വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | ആധാർ നമ്പർ | പേര് | പെൻഷൻ | മരണ തീയതി | അധികമായി കൈപ്പറ്റിയ കാലയളവ് | അധികമായി കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 895412209313 | സൈനബാ ബീവി | വാർദ്ധക്യകാല പെൻഷൻ | 22/12/2020 | 1/21മുതൽ 8/21വരെ 8മാസം<br>1500x3=4500<br>1600x5=8000 | 12500 |
| 2 | 647271495642 | ഭവാനിയമ്മ എൻ | കർഷക തൊഴിലാളിപെൻഷൻ | 31/05/2020 | 06/20മുതൽ08/21 വരെ 15മാസം<br>1300x3=3900<br>1400x4=5600<br>1500x3=4500<br>1600x5=8000 | 22000 |
| 3 | 728393334871 | കുഞ്ഞൻ | കർഷക തൊഴിലാളിപെൻഷൻ | 10/6/2020 | 7/20മുതൽ<br>8/20വരെ 2മാസം<br>1300x2 | 2600 |
| 4 | 438485978813 | രവീന്ദ്രൻ എൻ | വാർദ്ധക്യ<br>കാല പെൻഷൻ | 07/07/2020 | 8/20മുതൽ1/21 വരെ 6മാസം<br>1300x1=1300<br>1400x1=1400<br>1500x4=6000 | 8700 |
| 5 | 644662822885 | കെ .ഗോപാലകൃഷ്ണ പിള്ള | വാർദ്ധക്യകാല പെൻഷൻ | 03/08/2020 | 9/20മുതൽ8/21 വരെ 12 മാസം<br>1400x4=5600<br>1500x3=4500<br>1600x5=8000 | 18100 |
| 6 | 220934181073 | പത്മാവതി ജി | വാർദ്ധക്യകാല പെൻഷൻ | 06/08/2020 | 9/20മുതൽ8/21 വരെ 12 മാസം<br>1400x4=5600<br>1500x3=4500<br>1600x5=8000 | 18100 |
| 7 | 633799824380 | പുഷ്കരൻ കെ | വാർദ്ധക്യകാല പെൻഷൻ | 09/08/2020 | 9/20മുതൽ8/21 വരെ 12 മാസം<br>1400x4=5600<br>1500x3=4500<br>1600x5=8000 | 18100 |
| 8 | 378332051688 | രാജൻ | വാർദ്ധക്യകാല പെൻഷൻ | 15/08/2020 | 9/20മുതൽ8/21 വരെ 12 മാസം<br>1400x4=5600<br>1500x3=4500<br>1600x5=8000 | 18100 |
| 9 | 538235584195 | ചെല്ലപ്പൻ | കർഷകതൊഴിലാളി പെൻഷൻ | 07/09/2020 | 10/20മുതൽ11/20വരെ2 മാസം | 2800 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1400x2=2800 | |
| 10 | 846555153464 | ചെല്ലപ്പൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 25/09/2020 | 10/20മുതൽ4/21 വരെ 7 മാസം<br>1400x3=4200<br>1500x3=4500<br>1600x1=1600 | 10300 |
| 11 | 272189081539 | സരസ്വതിയമ്മ കെ | കർഷകതൊഴിലാളി പെൻഷൻ | 03/11/2020 | 12/20മുതൽ4/21 വരെ 5 മാസം<br>1400x1=1400<br>1500x3=4500<br>1600x1=1600 | 7500 |
| 12 | 633829671980 | ജി സുലോചന | വാർദ്ധക്യകാല പെൻഷൻ | 02/11/2020 | 12/20മുതൽ1/21വരെ2 മാസം<br>1500x2 | 3000 |
| 13 | 332053704793 | ധനപാലൻ | വാർദ്ധക്യകാല പെൻഷൻ | 24/11/2020 | 12/20മുതൽ8/21 വരെ 9 മാസം<br>1400x1=1400<br>1500x3=4500<br>1600x5=8000 | 13900 |
| 14 | 893992487571 | സരോജിനിയമ്മ | കർകതൊഴിലാളി പെൻഷൻ | 19/11/2020 | 12/20മുതൽ 8/21വരെ 9മാസം<br>1400x1=1400<br>1500x3=4500<br>1600x5=8000 | 13900 |
| 15 | 386067921281 | ദേവയാനി | വാർദ്ധക്യകാല പെൻഷൻ | 26/11/2020 | 12/20മുതൽ1/21 വരെ 2 മാസ1500x2=3000 | 3000 |
| | | | | | **ആകെ** | **172600/-** |

മരണശേഷം വിതരണം ചെയ്ത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 46/28.09.2021ന്റെ മറുപടി). പ്രസ്തുത തുക ബന്ധപ്പെട്ട് വ്യക്തികളിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2021 10.30AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3372/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**1)** ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും റിവ്യൂ മീറ്റിംഗുകൾ പ്രത്യേകമായി നടത്തുന്നില്ല.

**2)** സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ നടക്കുന്നതായി കാണുന്നില്ല. 07.11.2019ന് ശേഷം 19.08.2020, 19.11.2020, 14.02.2021എന്നീ തീയതികളിലാണ് സ്റ്റാഫ് മീറ്റിംഗ് നടന്നിട്ടുള്ളത്. കോവിഡ് -19 വ്യാപനത്തോടനുബന്ധിച്ചുള്ള ലോക്ക് ഡൌൺ കാരണം കൃത്യമായി ഓഫീസ് മീറ്റിംഗുകൾ വിളിച്ച് ചേർക്കാൻ സാധിച്ചില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 49/28.09.2021ന്റെ മറുപടി)

**3)** ഓഫീസ് ഓർഡർ നമ്പർ 04/19 തീയതി 18.05.2019 പ്രകാരം ISO ലഭിക്കുന്നതിന്റെ ഭാഗമായി റിക്കോർഡ് റൂം വൃത്തിയായും സുരക്ഷിതമായും സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പരിമിതമായ ഓഫീസ് സൌകര്യത്തിൽ കോൺഫറൻസ് ഹാളിന്റെ ഒരു ഭാഗം റിക്കോർഡ് റൂമായി സജ്ജീകരിച്ചിട്ടുണ്ട്.

**4)** 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 വർഷം പ്രസിദ്ധീകരിച്ച പൌരാവകാശ രേഖ പുതുക്കിയിട്ടില്ല. 2020ലെ പൌരാവകാശ രേഖയായി ഓഡിറ്റിന് ലഭ്യമാക്കിയത് 2018ലെ പൌരാവകാശ രേഖയിൽ വർഷം തിരുത്തിയതാണ്. പൌരാവകാശ രേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

**5)**പരിമിതമായ സൌകര്യങ്ങളുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനായി പുതിയ കെട്ടിട നിർമ്മാണം നടന്നുവരുന്നു. എം.എൽ.എ ഫണ്ട് വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തുന്ന പ്രസ്തുത പ്രവൃത്തിയുടെയും പ്രവൃത്തി പുരോഗതിയുടെയും വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാകുന്നതിന് നിലവിലുള്ള സൌകര്യങ്ങളുടെ അപര്യാപ്തത വിഘാതമാകുന്നു.

**6)**ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

**എ)** തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം. (സൂക്ഷിക്കുന്നുവെന്നാണ് മറുപടി യിൽ സൂചിപ്പിച്ചതെങ്കിലും സെക്യൂരിറ്റി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല)

**ബി)** സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

**സി)** ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

**ഡി)** അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം. (സൂക്ഷിക്കുന്നുവെന്നാണ് മറുപടി യിൽ സൂചിപ്പിച്ചതെങ്കിലും മെസേജ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല)

**ഇ)** സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

**എഫ്)** സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല.

**ജി)** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

**7)** ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതായി കാണുന്നില്ല. അപേക്ഷകരുടെ ബാഹുല്യം കുറഞ്ഞ പഞ്ചായത്തായതിനാൽ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് കൂടുതൽ സമയം കാത്തുനിൽക്കേണ്ടിവരുന്നില്ലായെന്നും പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

**8)** മോണിറ്ററിംഗിന്റെ അഭാവം മിക്ക പ്രോജക്ടുകളിലും അപാകങ്ങളുണ്ടാകുന്നതിന് കാരണമാകുന്നു. കൃഷി ഓഫീസർ, വെറ്റിനറി സർജൻ എന്നിവരുടെ നിർവ്വഹണത്തിൽ നടന്ന പ്രോജക്ടുകൾ ഇതിനുദാഹരണമാണ്.

**9)** മരണപ്പെട്ടവരുടെ അക്കൌണ്ടിലേക്ക് ക്ഷേമ പെൻഷനുകൾ ട്രാൻസ്ഫർ ചെയ്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

**10)** വസ്തു നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 | 09/2019 | 04.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 06.09.2018 വരെ | 2013-14 മുതൽ 2017-18 വരെ | 17.10.2018 |

## 1-11 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ.

കേരള ഫിനാൻഷ്യൽ കോഡിലെ വാല്യം 1 ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 ഓരോ രസിത് ബുക്കിലെയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഫ്ലൈ ലീഫിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. ഒരു സമയം ഒരു രസീത് ബുക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യാനായി കൃഷി ഓഫീസർക്ക് വതരണം ചെയ്ത രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1.** ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ. 61895, 61896, 61897, 61898, 61899, 61902, 61911, 61912, 61913, 61914.

**2.** കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. എന്നാൽ, ഒരേ സമയം വിവിധ രസീതു ബുക്കുകൾ ഒരുമിച്ച് ഉപയോഗിച്ചു.

ഉദാ-- 61896, 61897, 61902, 61911, 61913, 61914.

**3.** രസീതു ബുക്കുകളിൽ ഭൂരിഭാഗവും തീയതി രേഖപ്പെടുത്താതെയാണ് രസീതുകൾ നൽകിയിരിക്കുന്നത്.

ഉദാ-- 61899, 61902, 61911, 61912, 61913

**4.** രസീതു നമ്പരുകൾ ക്രമമായി രേഖപ്പെടുത്തുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ വരവ് രേഖപ്പെടുത്തുന്നത് രസീത് നമ്പരിന്റെയും തീയതിയുടെയും ക്രമത്തിലല്ല പകരം പ്രോജക്ടിന്റെ ക്രമത്തിലാണ് .

**5.** ചുവടെ ചേർക്കുന്ന രസീതുകളുടെ തുകയും കളക്ഷൻ രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല.

| തീയതി | ബുക്ക് നമ്പർ | രസീത് നമ്പർ | തുക | |
|---|---|---|---|---|
| | | | രസീത് പ്രകാരം | കളക്ഷൻരജിസ്റ്റർ പ്രകാരം |
| 05-10-2020 | 61898 | 37 | 162 | 400 |
| തീയതിരേഖപ്പെടുത്തിയിട്ടില്ല | 61899 | 13 | 400 | 50 |

മേൽ അപാകതകൾ തുടർന്ന് ഉണ്ടാകാതെ ശ്രദ്ധിച്ചുകൊള്ളാമെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 35/25.09.2021ന്റെ മറുപടി).

## 1-12 വസ്തു നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-12-1 സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വാർഡ് 8, 11,14 എന്നിവയിൽനിന്ന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 8/11ബി | ജി.ഗീതാകുമാരി, മേലേ കല്ലു വീട് |
| 2 | 11/353 | ശ്രീലേഖ , കുന്നു വിള വീട് |
| 3 | 14/5 | സദാശിവൻ, പറങ്കിമാംവിളപുത്തൻവീട് |
| 4 | 14/786 | ഗോപാലകൃഷ്ണൻനായർ, കുന്നുംപുറത്തു വീട് |
| 5 | 14/236 | രവീന്ദ്രനാഥ്, പനവിള വീട് |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നമ്പർ 7/21.09.2021-ന് സഞ്ചയസോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-12-2 ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ളതും കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ളതുമായ ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വാർഡ് 14, 11, 8, 1എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | 14/296 | ശിവാനന്ദൻ, മാധവി മന്ദിരം | 2013 ആദ്യ അർദ്ധ വർഷം |
| | 14/295 | | |
| 2 | 14/623 | കുട്ടപ്പൻ നായർ, ആറ്റൂർ വീട് | 2013 ആദ്യ അർദ്ധ വർഷം |
| | 14/624 | | 2013 ആദ്യ അർദ്ധ വർഷം |
| 3 | 1/289 | പൊന്നൻ, നല്ലാന്റ കോണം | 2013 ആദ്യ അർദ്ധ വർഷം |
| | 1/290 | | 2013 ആദ്യ അർദ്ധ വർഷം |
| 4 | 1/405 | പുഷ്പമണി, പേഴവിള വീട് | 2013 ആദ്യ അർദ്ധ വർഷം |
| | 1/404 | | 2013 ആദ്യ അർദ്ധ വർഷം |

ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയത് പരിശോധന നടത്തി ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 7). മുഴുവൻ വാർഡുകളിലേയും ഇപ്രകാരം ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് ലഭിച്ച ഉടമകളെ കണ്ടെത്തേണ്ടതും ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-12-3 മുൻകാല പ്രാബല്യത്തിൽ നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീയതി 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വാർഡ് 1 ൽനിന്നും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/24 | ഗോപാലകൃഷ്ണൻനായർ, ചരുവിള പുത്തൻ വീട് | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 2 | 1/36 | നിർമ്മലാഭായി അമ്മ, കരിക്കകത്തിൽ വീട് | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 3 | 1/46 | വിജയകുമാർ, കലാഭവൻ | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 4 | 1/67 | രാജൻ, സജി മന്ദിരം | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 5 | 1/68 | അനസൂയ, ചിത്രകുമാർ, ഉണ്ടുവിള വീട് | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 6 | 1/73 | സുരേഷ്, ചരുവിള പുത്തൻവീട് | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 7 | 1/75 | അപ്പുകുട്ടൻ, സുശീല , അനിൽ വിലാസം | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 8 | 1/76 | ഓമന, സജിവിലാസം | 2013 ആദ്യ അർദ്ധ വർഷം മുതൽ |
| 9 | 1/77 | ബേബി, മൂന്നു കാട്ടിൽ വീട് | 2013 ആദ്യ അർദ്ധ വർഷം |

മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയത് പരിശോധന നടത്തി ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 7). ഉടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. വാർഡ് 11, 8, 1 എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | വിസ്തീർണം |
|---|---|---|
| 8/186എ | ശ്രീകല, ശ്രീവിഹാർ | 65 ച.മീ |
| 8/323 | വിജയകുമാർ, സീനഭവൻ | 84 ച.മീ |
| 11/14 | ഭവാനി അമ്മ, കനക മന്ദിരം | 63 ച.മീ |
| 11/96 | സന്തോഷ്, ചരുവിള വീട് | 65 ച.മീ |
| 11/155 | രവീന്ദ്രൻനായർ, സന്തോഷ് ഭവൻ | 80 ച.മീ |
| 11/429 | ശാന്തകുമാരി, വൈശാഖം | 85 ച.മീ |
| 11/467 | സി. ആർ. രാമവർമ്മ, കിളിമാനൂർ കൊട്ടാരം | 72 ച.മീ |
| 1/67 | രാജൻ, സജി മന്ദിരം | 95 ച.മീ |
| 1/33 | വിജയകുമാരി, പുലവൂർക്കോണം | 70 ച.മീ |

മേൽ കെട്ടിടങ്ങൾക്ക് മാന്വൽ ആയി നികുതി ഇളവ് നൽകിയിട്ടില്ലായെന്നും ഈ കെട്ടിടങ്ങൾക്ക് ARV1993 അസസ്സ് മെന്റ് ടാക്സ് 0 ആണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്(ഓഡിറ്റ് എൻക്വയറി നമ്പർ 7 ). ഇപ്രകാരം 60 ച.മീ കൂടുതൽ വിസ്തീർണമുള്ളതും എന്നാൽ നികുതി കണക്കാക്കിയിട്ടില്ലാത്തതുമായ മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തേണ്ടതും നികുതി നിർണയം നടത്തി വസ്തു നികുതി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം പരിശോധിക്കേണ്ടതും തനതുഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 വസ്തു നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. വാർഡ് 11 മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 11/127 | ലീലാമ്മ, കുന്നുംപുറത്ത് വീട് |
| 2 | 11/1246 | വിശ്വനാഥൻ, വിളയിൽ വീട് |
| 3 | 11/248 | ഓമന, ചരുവിള വീട് |
| 4 | 11/302 | രാധമ്മ, കുന്നുവിള വീട് |
| 5 | 11/237 | എം. നാസർ, നിഷാദ് മൻസിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് പഴയ അസസ്സ്മെന്റ് (ARV)പ്രകാരം ടാക്സ് ഇല്ലാതിരുന്ന കെട്ടിടങ്ങൾക്ക് പുതിയ അസ്സസ്സ്മെന്റ് പ്രകാരവും 2011 (Plinth Area) സോഫ്റ്റ് വെയറിൽ ഡിമാന്റ് ജനറേറ്റ് ചെയ്യുന്നില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഓഡിറ്റ് ലഭ്യമാക്കേണ്ടതുമാണ്. ഈയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 വസ്തുനികുതി മേഖലാ നിർണയത്തിലെ -അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-15-1 വാർഡ് അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിലൊരു മാപ്പ് സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7 ന് മേഖലകൾ സംബന്ധിച്ച മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-2 ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്. വാർഡ് 14, 11 എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 14/209എ | വാസുദേവൻ, വലിയ വിള വീട് | പോങ്ങനാട്, മുളയ്ക്കലുത്തുകാവ് റോഡ് | ദ്വീതീയം |
| | 14/210 | | പോങ്ങനാട്, മുളയ്ക്കലുത്തുകാവ് റോഡ് | പ്രഥമം |
| 2 | 14/252എ | രാമചന്ദ്രൻ, സുനിൽ മന്ദിരം | പോങ്ങനാട്, കിളിക്കോട്ടുകോണം, ഉള്ളൂർക്കോണം റോഡ് | ദ്വിതീയം |
| | 14/252 | | പോങ്ങനാട്, കിളിക്കോട്ടുകോണം, ഉള്ളൂർക്കോണം റോഡ് | പ്രഥമം |
| 3 | 14/529 | കെ. ശശിധരൻപിള്ള ,ശ്രീചിത്തിര | കക്കാകുന്ന്, പോങ്ങനാട് കീഴ്പേരൂർ റോഡ് | ദ്വീതീയം |
| | 14/530 | | കക്കാകുന്ന്, പോങ്ങനാട് കീഴ്പേരൂർ റോഡ് | പ്രഥമം |
| 4 | 14/715 | ശ്രീനിവാസൻ, കക്കോട്ട് വീട് | പുതിയ കാവ് തകരപ്പറമ്പ് റോഡ് | പ്രഥമം |
| | 14/714 | | പുതിയ കാവ് തകരപ്പറമ്പ് റോഡ് | ത്രീതീയം |
| 5 | 11/186 | രാജശേഖരൻനായർ. ചൂട്ടയിൽ | പുതിയ കാവ് , ചെങ്കിക്കുന്ന് റോഡ് | പ്രഥമം |
| | 11/187 | | പുതിയ കാവ് , ചെങ്കിക്കുന്ന് റോഡ് | ദ്വീതീയം |

## 1-16 സാംഖ്യയിൽ റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2020-21 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/ തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 4/514 | പ്രകാശ്, അനിത | 120110104318/15.3.2020 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 257 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8 ന് മേൽ രസീത് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് നീക്കം ചെയ്യുന്നതിന് ഐ.കെ.എം.ന് കത്തു നൽകുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. കൂടാതെ തനതു ഫണ്ടിന് ചോർച്ചയും സംഭവിക്കുന്നു. സാംഖ്യ സഞ്ചയ സംയോജിത പരിശോധന നടത്തി നഷ്ടം സംഭവിച്ച തുക ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-17 വസ്തുനികുതി നിർണയം-പഞ്ചായത്ത് രാജ് ചട്ടം പാലിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

കെട്ടിട നമ്പറിംഗിന്റെ ഫയലുകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. അതിനാൽ വസ്തുനികുതി നിർണയത്തിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18) രണ്ടു മാസത്തിനകം വാർഡ് ക്ലർക്കുമാർ ഫീൽഡ് പരിശോധന നടത്തി ഫോറം 2, ഫോറം 6 എന്നിവ പൂരിപ്പിച്ച് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തനതു വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്തിൽ വസ്തു നികുതി വരവിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-18 വേക്കൻസി റെമിഷൻ- അപാകതകൾ

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. വാർഡ് 8, 10 എന്നിവ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയവ ഉദാഹരണങ്ങളായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗ ക്രമം | കെട്ടിട ഉടമ | അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | 8/517 ഡി | വാണിജ്യം | ബിനുമോൻ, രേവതി, ബി. ആർ ടവർ | 2.8.2019 | 1.4.2019-30.9.2019 |
| 2 | 10/111ഇ | വാണിജ്യം | മോഹനൻ, ലളിത ലളിതാഭവൻ | 6.2.2019 | 1.4.2018-30.9.2018<br>1.10.2018-31.3.2019 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.19 ന് വേക്കൻസി റെമിഷൻ ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം നികുതിയിളവ് നൽകിയ മുഴുവൻ കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ പരിശോധിക്കേണ്ടതും റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. ഈയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-19 മൊബൈൽ ടവർ - വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്ന് 2020-21 സാമ്പത്തിക വർഷം വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 10/29.01.2021ന്റെ മറുപടി).

| ടവറിന്റെ വിവരം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വിസ്തീർണം | 2020-21 വർഷത്തേയ്ക്ക് ഡിമാന്റ് തുക | ഒടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| റിലയൻസ് ഇൻഫോടെക് ലിമിറ്റ്, വാഴ്വേലിൽ ബിൽഡിംഗ്, കേശവദാസപുരം | 10/168 | 18ച.മീ | 45360 | 45360 |

വസ്തു നികുതിയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇളവിന് അർഹരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 ഒറ്റത്തവണ കെട്ടിട നികുതി സർക്കാർ നിർദ്ദേശം പാലിച്ചില്ല

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ സെപ്റ്റംബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ/ വാർഡ് | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം | നികുതി നിർണയം അംഗീകരിച്ച തീയതി | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|---|
| 1 | A3/1677/6.3.2021 | 7/3 57എ | സിനി | 2021 I Half | 14.5.2021 | പാർപ്പിടം | 100.50ച.മീ |
| 2 | A3/3634/5.9.2020 | 13/123എ | ഇർഷാദ്.ഇ | 2020 I Half | 28.4.2021 | പാർപ്പിടം | 161.88 ച.മീ |
| 3 | A/678/21/16.01.2021 | VIII/134A | ബിബിൻ ചന്ദ്രൻ | 2020II Half | 3.2.2021 | പാർപ്പിടം | 107.86 ച.മീ |
| 4 | A3/824/21.1.2021 | II/121-B | വി. സലിം | 2020II Half | 16.2.2021 | കോഴിവളർത്തൽ | 482.99 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ഷെഡ് | ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.15 ന് ഒറ്റത്തവണ കെട്ടിടനികുതി രസീത് കെട്ടിട നമ്പർ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും ഈയിനത്തിൽ സർക്കാർ ഖജനാവിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-22 ഡേറ്റാപ്യൂരിഫിക്കേഷൻ ഫോറം-6 പരിശോധനയക്ക് ലഭ്യമാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2 ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഡേറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ തയ്യാറാക്കിയ ഫോറം 6 ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 ന് രണ്ടു മാസത്തിനകം വാർഡ് ക്ലർക്കുമാർ ഫീൽഡ് പരിശോധന നടത്തി ഫോറം 2, ഫോറം 6 എന്നിവ പൂരിപ്പിച്ച് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഫോറം -6 ന്റെ അഭാവത്തിൽ ഡേറ്റാ പ്യൂരിഫിക്കേഷന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-23 തൊഴിൽനികുതി-പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**എ) <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>**

1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് ആനുപാതികമായല്ലാതെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക് കണക്കാക്കാവുന്ന വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| F.H.C കിളിമാനൂർ | പ്രവീൺ. എം.എൻ (J.H.I) | I Half | 84000 | 300 | 750 | 450 |
| | ആഷിഖ് (J.H.I) | I Half | 84000 | 300 | 750 | 450 |
| | ശബരി (J.P.H GradeII) | I Half | 144000 | 1000 | 1250 | 250 |
| | ലീല (Part Time Sweeper) | II Half | 92160 | 600 | 750 | 150 |
| | സന്ധ്യ. എസ് (പാലിയേറ്റീവ് നഴ്സ്) | II Half | 90000 | 300 | 750 | 450 |
| | സൗമ്യ. എസ് (ലാബ് ടെക്നീഷ്യൻ) | II Half | 60000 | 300 | 600 | 300 |
| | പ്രവീണ. എസ് ( NHM JHI) | II Half | 84000 | 300 | 750 | 450 |
| | ദേവിപ്രിയ(ഫിസിയോതെറാപ്പിസ്റ്റ്) | II Half | 60000 | 300 | 600 | 300 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 25 ന് മെഡിക്കൽ ഓഫീസർക്ക് കത്തു നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഈടാക്കുന്നതിനനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**<u>ബി)തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.</u>**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ്) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിനുമുൻപ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ

ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി , നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ജീവനക്കാരുടെ ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 സി വകുപ്പ് പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. എന്നാൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണമായും പാലിച്ചതായി കാണുന്നില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 11 പ്രകാരം വികസനഫണ്ടിൽനിന്ന് 472870 രൂപ ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട ഡോക്ടർക്കും നഴ്സിനും വേതനം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 37 ന് മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കുവരുത്തുന്നതിന് മെഡിക്കൽ ഓഫീസർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുവാനുള്ള മുഴുവൻ വ്യക്തികളും തൊഴിൽ നികുതി ഒടുക്കു വരുത്തുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൊഴിൽ നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**<u>സി) റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.</u>**

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13 ന് ലഭ്യമാക്കിയ മറുപടിൽ 13 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ അവ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## <u>1-24 പഞ്ചായത്ത് കോമ്പൌണ്ടിലെ മരങ്ങളുടെ ലേലനടപടിയിലെ അപാകങ്ങൾ</u>

ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന മഹാഗണി, മാവ് എന്നിവ പുതിയ കെട്ടിടനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നതിനാൽ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ 87,269/- രൂപയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മുറിച്ച് മാറ്റുന്നതിന് 03/08/2019-ാം തീയതി നടന്ന കമ്മിറ്റിയിൽ ഭരണസമിതി തീരുമാനിച്ചു (18(1) നം. തീരുമാനം). പ്രസ്തുത ലേലവുമായി ബന്ധപ്പെട്ട് വ്യക്തമായ രേഖപ്പെടുത്തലൊന്നും തന്നെ ലേല രജിസ്റ്ററിൽ ഇല്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** 19.10.2019-ലെ ആദ്യ ലേലത്തിൽ 3 പേർ പങ്കെടുത്തെങ്കിലും ആരും ലേലം വിളിക്കാൻ തയ്യാറായില്ല. രസീത് നമ്പരോ തിരികെ നൽകിയ വിവരങ്ങളോ രേഖപ്പെടുത്താതെ നിരതദ്രവ്യം കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**2.** 02.11.2019-ലെ പുനർലേലത്തിലും ആരും ലേലം വിളിക്കാൻ തയ്യാറാവാത്തതു കൊണ്ട് ലേല തുക പുനർ നിർണയിക്കണമെന്ന് ഫോറസ്റ്റ് കൺസർവേറ്ററോട് അഭ്യർത്ഥിച്ചുവെങ്കിലും പുനർനിർണയം നടത്തുന്നതിന് നിർവ്വാഹമില്ലെന്നും സെക്രട്ടറിയുടെ വിവേചനാധികാരം ഉപയോഗിച്ച് തുടർ ലേലനടപടി സ്വീകരിക്കണമെന്നും അറിയിച്ചു.

**3.** തുടർന്ന് 10.12.2019 ലും 23.12.2019 ലും ലേലം നടത്തി. 23.12.2019-ലെ ലേലത്തിൽ 23,500/- രൂപയ്ക്ക് രത്നാകരൻപിള്ളയെന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുകയും മരം മുറിച്ചുമാറ്റുന്നതിനായി 26.02.2020-ൽ കത്ത് നൽകുകയും ചെയ്തതായി കാണുന്നു. എന്നാൽ ടിയാൻ ഏറ്റെടുക്കാത്തതിനെ തുടർന്ന് ക്വട്ടേഷൻ വഴി 18,000/- രൂപ ക്വാട്ട് ചെയ്ത ഷാജിയെന്നയാളെ തെരഞ്ഞെടുത്തു.

**4.** മേൽ പരാമർശിച്ച ലേലങ്ങളുടെ നടപടി ക്രമങ്ങളിലെല്ലാം നിരതദ്രവ്യം രസീത് വഴി കൈപ്പറ്റി തിരികെ നൽകാതെ ലേല ഡയറിയിൽ മാത്രം ഒപ്പ് വച്ച് തുക വാങ്ങുകയും തിരികെ നൽകുകയുമാണ് ചെയ്തതെന്ന് അറിയിച്ചു. ഇത് തെറ്റായ നടപടിക്രമമാണ്.

**5.** ലേലത്തിൽ പങ്കെടുക്കാത്തവർക്ക് നിരതദ്രവ്യം തിരികെ നൽകിയതും അംഗീകരിക്കാവുന്നതല്ല.

**6.** ശ്രീ.ഷാജിക്ക് ക്വട്ടേഷൻ വഴി അംഗീകാരം നൽകിയതിന്റെ വിശദാംശങ്ങൾ/നടപടിക്രമങ്ങൾ ഹാജരാക്കിയില്ല.

**7.** ലേലം ഏറ്റെടുക്കാതിരുന്ന ശ്രീ.രത്നാകരൻ പിള്ളയുടെ നിരതദ്രവ്യം തനതുഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## <u>1-25 എഫ്.എച്ച്.സി.കോമ്പൌണ്ടിലെ മരം മുറിച്ചത് അപാകതകൾ</u>

(ഫയൽ നമ്പർ എ 9/3911/20)

മുളയ്ക്കുലത്തുകാവ് എഫ്.എച്ച്.സി കോമ്പൌണ്ടിൽ നിന്ന അക്കേഷ്യ മരങ്ങൾ അനുമതിയില്ലാതെ മുറിച്ചു കടത്തിയത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും വിവരം അടിയന്തിരമായി പോലിസിൽ അറിയിക്കാനും മെഡിക്കൽ ഓഫീസർക്ക് കത്തയച്ചിട്ടുണ്ട്. മോഷണംപോയ തടികൾ മുറിച്ച അതേ സ്ഥാനത്ത് തന്നെ എത്തിയിട്ടുള്ളതിനാൽ പോലീസിൽ നൽകിയ പരാതി മെഡിക്കൽ ഓഫീസർ പിൻവലിച്ചിട്ടുമുണ്ട്. തിരികെ കൊണ്ടിട്ട തടികൾ രൂപമാറ്റം സംഭവിച്ച നിലയിലായതിനാൽ ആദ്യ പരാതിയിന്മേൽ സ്വീകരിച്ച നടപടികളാരാഞ്ഞുകൊണ്ടുള്ള സെക്രട്ടറിയുടെ കത്തിന് മോഷണം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നാണ് പോലീസിൽ നിന്ന് അറിയിപ്പ് ലഭിച്ചത്. ഭരണ സമിതി 5(1)/22.10.2020-ാം നമ്പർ തീരുമാനപ്രകാരം

മുറിച്ചിട്ട തടികൾ ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പോലീസ് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും രൂപമാറ്റമുള്ള തടികളാണ് തിരികെ വന്നിട്ടുള്ളതെന്നതിനാലും സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചാൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ എന്ന് കമ്മിറ്റിയിൽ അറിയിച്ചുകൊണ്ട് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടുണ്ട്.

**1)** സ്പഷ്ടീകരണം ലഭിച്ചതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ ഓഡിറ്റ് എൻക്വയറി 24 പ്രകാരമുള്ള മറുപടിയിൽ ലഭ്യമല്ല.

**2)** പോലീസ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി 24 ന് കിളിമാനൂർ പോലീസ് ഇൻസ്പെക്ടറുടെ 19-11-2020 ലെ 861/GL/2020 ISHO കിളിമാനൂർ നമ്പർ പ്രകാരം മരങ്ങൾ മുറിച്ച കടത്തിയതുമായി ബന്ധപ്പെട്ട് എഫ് എച്ച് സി യിലെ മെഡിക്കൽ ഓഫീസറിൽ നിന്നും 30-09-2020 ൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം നടത്തിവരവേ മുറിച്ച മാറ്റപ്പെട്ട മരങ്ങൾ ഇപ്പോഴും പഴയ നിലയിൽ തന്നെ ആ സ്ഥലത്ത് കിടക്കുന്നതു കൊണ്ട് മെഡിക്കൽ ഓഫീസർ പരാതി പിൻവലിച്ചു എന്നാണ് ലഭ്യമായ മറുപടി.

**3)** തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ തടികൾ മുറിച്ചെടുത്ത അതേ സ്ഥലത്ത് തന്നെ തുടരുകയാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 FTEAOSലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**1)** 2019-2020 സാമ്പത്തിക വർഷത്തിൽ ആകെ 255 കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ ആകെ 193 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കോവിഡ് മഹാമാരി മൂലമാണ് കച്ചവടസ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നതെന്നാണ് ലഭ്യമാക്കിയ വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 47ന്റെ മറുപടി).

**2)** 2019-20 സാമ്പത്തിക വർഷത്തിൽ ഫീസ് അടച്ച സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടയുടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | വ്യാപാരം |
|---|---|---|---|
| 1 | ദിന എ ഡി | XIV/40 | സ്റ്റേഷനറി |
| 2 | സെക്രട്ടറി അപ്ക്കോസ് , പനപ്പാക്കുന്ന് | II/33 | ക്ഷീരസംഘം |
| 3 | ഷിജി എസ്. എസ് | IX/65 | സ്റ്റേഷനറി |
| 4 | സത്യഭാമ | XIV/85, 85A | തടിമിൽ |
| 5 | അൻവർഷാ | XIV/25B | ഫർണിച്ചർ വ്യാപാരം |
| 6 | സാജൻ എച്ച് | V 165 A | ഹോളോബ്രിക്സ് നിർമ്മാണം |
| 7 | ഉണ്ണികൃഷ്ണൻ | XIV/ 572 A ,572 B | മൈക്ക് സെറ്റ് ഓഫീസ് |
| 8 | സുഹറാബീവി | IX /126 | കാലിത്തീറ്റ വ്യാപാരം |
| 9 | ഷാജഹാൻ | XIV/503 | പച്ചക്കറിക്കട |
| 10 | രമ ആർ | IX/377 | ഫ്ലവർമിൽ |

കോവിഡ് മഹാമാരി മൂലമാണ് കച്ചവടസ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നതെന്നാണ് ലഭ്യമാക്കിയ വിശദീകരണം. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 അനധികൃത കെട്ടിടനിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്

കെട്ടിടനിർമ്മാണ ലൈസൻസ് മേഖലയിലെ പ്രവണതകൾ വിലയിരുത്തി അനധികൃത നിർമ്മാണത്തിന്റെ തോത് തിരിച്ചറിയാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം 144ഉം റഗുലറൈസേഷന് ലഭിച്ച അപേക്ഷകളുടെ എണ്ണം 74ഉം ആണ്. അതായത്, പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി

നോക്കുമ്പോൾ താരതമ്യേന വലിയ അളവിൽ (33%)നിർമ്മാണ പ്രവർത്തനങ്ങൾ അനധികൃതമായി നടക്കുന്നെന്ന് ഇത് വ്യക്തമാകുന്നു. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് അനധികൃത നിർമ്മാണം തടയുന്നതിന് വാർഡ് ക്ലർക്കുമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച്അവധി ദിവസങ്ങൾ ഉൾപ്പെടെ പരിശോധന നടത്തി കൊണ്ടിരിക്കുകയാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-28 വിവരാവകാശ രജിസ്റ്റർ- പരിപാലനത്തിലെ അപാകങ്ങൾ

2020-21വാർഷിക ധനകാര്യ പത്രിക പ്രകാരം 44/- രൂപ വിവരാവകാശ നിയമത്തിന്റെ ഫീസിനത്തിൽ വരവുണ്ട്. 9 കോളങ്ങളുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള വിവരാവകാശ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വിവരാവകാശ രജിസ്റ്ററിൽ സെക്രട്ടറി കൃത്യമായ ഇടവേളകളിൽ മേൽ പരിശോധന നടത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന് വരും വർഷങ്ങളിൽ വിവരാവകാശ രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് ഇതിന്റെ മേൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-29 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും ) ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർണമായി പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ദുരിതാശ്വാസ നിധി രൂപീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23 ന് എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായി ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് പഞ്ചായത്ത് രാജിൽ നിഷ്കർഷിക്കുന്നില്ലായെന്നും കോവിഡ്-19 മഹാവ്യാധി അല്ലാതെ മറ്റ് ദുരന്തങ്ങളൊന്നും വല്ലാതെ ഗ്രാമപഞ്ചായത്തിനെ ബാധിക്കുകയുണ്ടായില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. കോവിഡ് 19 ആവശ്യങ്ങൾക്കായി ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യം മാത്രം കണക്കിലെടുത്ത് ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിൽ നിന്ന് പിന്നാക്കം പോകുന്നത് ആശാവഹമല്ല. കോവിഡ് 19 ന്റെ അക്കൗണ്ടിൽ നിന്നും വേറിട്ട് ദുരിതാശ്വാസനിധിയ്ക്കായി മറ്റൊരു അക്കൗണ്ട് രൂപീകരിക്കാവുന്നതാണ്.

## 1-30 ആസ്തി സംരക്ഷണം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധിനതയിലുള്ള കെട്ടിടങ്ങൾ, റോഡുകൾ മുതലായവ ഓരോ വർഷവും ആസ്തി രജിസ്റ്ററിൽ Update ചെയ്തുവരുന്നുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 40/28.09.2021) നിലവിലില്ലാത്ത പോങ്ങനാട് മാർക്കറ്റ് സ്റ്റാൾ, പോങ്ങനാട് മാർക്കറ്റ് കശാപ്പ് ശാല എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ലായെന്ന് ഇത് സൂചിപ്പിക്കുന്നു.

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷം ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശവും പ്രത്യേകമായി തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 41/28.09.21) തൻവർഷം നടപ്പാക്കിയ വിവിധ മെയിന്റനൻസ് പ്രവൃത്തികളുടെ വിശദാംശങ്ങളാണ് ലഭ്യമാക്കിയത്. ഇതിൽനിന്നും, പ്രത്യേകമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

ആസ്തി സംരക്ഷണത്തിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-31 കമ്മിറ്റികൾ- അവലോകനം

**1)** കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങൾ, ചട്ടം 11 പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും കമ്മിറ്റിയുടെ തീരുമാനങ്ങൾ സെക്രട്ടറിയോ സെക്രട്ടറിയുടെ നിർദ്ദേശത്തിൻമേൽ 179-ാം വകുപ്പ് 11-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എക്സ് ഒഫീഷ്യോ സെക്രട്ടറിയോ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അറ്റൻഡൻസ് രജിസ്റ്ററിലും മെമ്പർമാരല്ലാതെ സെക്രട്ടറിയോ, എക്സ് ഒഫിഷ്യോ സെക്രട്ടറിയോ ഹാജർ രേഖപ്പെടുത്തിയതായി കാണുന്നില്ല.

**2)** ഗ്രാമപഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പഞ്ചായത്ത് പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നതു സംബന്ധിച്ച തൊട്ടടുത്ത മീറ്റിംഗുകളിൽ അവലോകനം നടത്തിയിട്ടില്ല. ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടത്ര പ്രാധാന്യം നൽകിയതായി കാണുന്നില്ല.

**3)** ആസൂത്രണ സമിതി മിനിട്സ് പരിശോധിച്ചതിൽ 14.2.2020, 24.2.2020 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.1(ബി) പ്രകാരമുള്ള ചുമതലകൾ ആസൂത്രണസമിതി നിറവേറ്റിയതായി മിനിട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

**4)** വർക്കിംഗ് ഗ്രൂപ്പുകൾ 14. 02.2020ൽ വികസന സെമിനാറിനോടനുബന്ധിച്ച മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2(ബി) പ്രകാരമുള്ളചുമതലകൾ നിറവേറ്റിയതായി രേഖപ്പെടുത്തലുകൾ ഇല്ല.

**5)** ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 25.04.2020, 20.5.2020, 22.06.2020, 24.7.2020, ആഗസ്റ്റ് 2020 (തിയതി രേഖപ്പെടുത്തിയിട്ടില്ല) എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ മിനിട്സ് ബുക്ക് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 39 ന് വരും വർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത്‌രാജ് ചട്ടം, പദ്ധതി മാർഗ്ഗരേഖ, കാലാകാലങ്ങളിലുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായി കമ്മിറ്റികൾ ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## <u>1-32 ഗ്രാമ പഞ്ചായത്തിന്റെ സമാഹരണ നടപടിക്രമങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെടലില്ല.</u>

സ.ഉ(പി) 259/2010 ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി വീഴ്ച വരുത്തിയതായി കാണുന്നു.

**1.**വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ സമാഹരണ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

**2.** ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2020-21 ലെ വാങ്ങലുകൾക്കായി 22-4-20 തീരുമാനങ്ങളൊന്നും രേഖപ്പെടുത്താത്ത ഒരു യോഗം മാത്രമാണ് കൂടിയിട്ടുള്ളത്. തീയതിയോ അംഗങ്ങളുടെ ഒപ്പോ പേരോ രേഖപ്പെടുത്താതെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്റ്റ് നമ്പർ 102/21 തെരുവു വിളക്കുകളുടെ അറ്റകുറ്റ പണി ക്വട്ടേഷൻ നടത്തി തീരുമാനിക്കൽ എന്ന് രേഖപ്പെടുത്തി കാണുന്നു. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 33/25-3-21) യോഗം ഓൺലൈനായി ചേർന്നതിനാലാണ് ഹാജർ രേഖപ്പെടുത്താതിരുന്നത് എന്നാണ്. ഓൺ ലൈനായി ചേർന്ന യോഗ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

**3.**തൻ വർഷം ലൈഫ് ഭവന പദ്ധതിക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 213, 214 എന്നീ പ്രോജക്ടുകൾ പ്രകാരം 63 ലക്ഷം രൂപ ഭൂമി വാങ്ങുന്നതിന് ചെലവഴിച്ച പദ്ധതികളിലും പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല. മെഡിക്കൽ ഓഫീസർ നിർവ്വണോദ്യോഗസ്ഥനായ സി.എച്ച്.സി ഫിറ്റ്നെസ് സെന്റർ എന്ന് പദ്ധതി പ്രകാരം ഫിറ്റ്നെസ് സെന്ററിലേക്കാവശ്യമായ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിരിക്കുന്നത് പ്രസിഡന്റാണ്. പഞ്ചായത്തിൽ തൻ വർഷം നടന്ന വാങ്ങലുകളിൽ ഒന്നിലും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

**4.** I C D S സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതിയിലും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടലുണ്ടായിട്ടില്ല.

**5.**2020-21 വർഷം ഗ്രാമ പഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും അപ്രകാരം ലഭ്യമാക്കിയിട്ടില്ല.

തുടർ വർഷങ്ങളിൽ നിർദ്ദേശം പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയും, ഭരണസമിതിയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, മാർഗ്ഗരേഖ പാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## <u>1-33 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്</u>

2001-02 മുതൽ 2018-19 വരെയുള്ള12 ഓഡിറ്റ് റിപ്പോർട്ടുകളിൽ 73 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കത്ത് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 01 /20.09.2021ന്റെ മറുപടി).

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1703/19തീയതി 11.10.2019പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം ചട്ടം എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. യഥാസമയം ആദ്യ മറുപടി ലഭ്യമാക്കാത്തതിനാൽ 04.06.2020-ൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചു. 17.12.2020-ൽ പുറപ്പെടുവിച്ച പുനരഭിപ്രായ കുറിപ്പിന്മേൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും പരാമർശ വിഷയങ്ങൾ തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 ജലശ്രീ കിണർ റീചാർജ്ജ്- നിർവ്വഹണത്തിലെ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 110/21, ജലശ്രീ കിണർ റീചാർജ്ജ് (ജനറൽ) |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 216000/- |
| ചെലവ് | 14400/- |
| ചെലവ് ശതമാനം | 7% |

ജലശ്രീ കിണർ റീചാർജ്ജ് എന്ന പദ്ധതി 30 പേർക്കാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ 10 ഗുണഭോക്താക്കൾ മാത്രമാണുണ്ടായിരിക്കുന്നത്. പദ്ധതി പ്രകാരം 2 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 42/21 നുള്ള മറുപടിയിൽ കരാർ വച്ച 7 പേരിൽ 2 പേർ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത് എന്നറിയിച്ചിരിക്കുന്നു.

പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഗുണഭോക്താക്കൾക്ക് ആവശ്യമുള്ളതും ആയത് പ്രാവർത്തികമാക്കുവാൻ കഴിയുന്നതുമായ പദ്ധതികൾ നടപ്പിലാക്കുവാനും ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി അടങ്കൽ വകയിരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-35 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയലിനൊപ്പം നോട്ട് ഫയൽ പരിപാലിച്ചിട്ടില്ല

പ്രവൃത്തി ഫയലിൽ ആവശ്യമായ രേഖകളെല്ലാം തന്നെ ഉൾപ്പെടുത്താത്തതിനാൽ പ്രവൃത്തിക്ക് ലഭിച്ച ടെണ്ടറുകളുടെ വിവരം, ക്വാട്ട് ചെയ്ത തുക, കരാറുകാരനെ തിരഞ്ഞെടുത്തതിന്റെ വിവരം, റിവിഷൻ വിവരം എന്നിവ വ്യക്തമാകുന്നില്ല. ഇത് നോട്ട് ഫയലിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

2.സപ്ലിമെന്ററി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 1601.15 പ്രകാരം നടന്നു കൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിക്ക് മാറ്റം ആവശ്യമെങ്കിൽ സപ്ലിമെന്ററി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. സപ്ലിമെന്ററി എസ്റ്റിമേറ്റ് ഉണ്ടാക്കേണ്ടി വന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന വിശദമായ ഒരു റിപ്പോർട്ട് നിർബന്ധമായും എസ്റ്റിമേറ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥർ അത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പേര് |
|---|---|
| 1 | 25/21 തോപ്പിൽ അംഗൻവാടി അറ്റകുറ്റപണി |
| 2 | 144/21 മുളയ്ക്കലത്തുകാവ് എഫ്.എച്ച്.സി-യിൽ കെട്ടിട നിർമ്മാണം |
| 3 | 180/21 തോപ്പിൽ അംഗൻവാടിയിൽ ടോയിലറ്റ് |

| | |
|---|---|
| 4 | 181/21 എഫ്.എച്ച്.സി-യിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| 5 | 154/21 തോപ്പിൽ അംഗൻവാടി അറ്റകുറ്റപണി |

ഭാവിയിൽ കേരള പി.ഡബ്ല്യു.ഡി മാന്വൽ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ പൂർണമായും പാലിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

3.**<u>റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>**

റിവൈസ് ചെയ്യേണ്ട പ്രവൃത്തികളുടെ വിവരങ്ങളെ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ അംഗീകരിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ ആയതിന്റെ കാര്യകാരണങ്ങൾ വിവരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് അസി.എഞ്ചിനീയർ സമർപ്പിക്കേണ്ടതാണ്.

4.**<u>സപ്ലിമെന്ററി എഗ്രിമെന്റിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല</u>**

സപ്ലിമെന്ററി എഗ്രിമെന്റ് വയക്കുമ്പോൾ ആയതിന്റെ കാരണം രേഖപ്പെടുത്താതെ 200/-രൂപയുടെ കരാർ പത്രം മാത്രം ഫയലിൽ വയ്ക്കുന്ന രീതിയാണ് അനുവർത്തിച്ചു പോരുന്നത്. സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുമ്പോൾ ആയതിന്റെ വിവരം കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

5.**<u>സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.</u>**

പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുമ്പോൾ തീയതി രേഖപ്പെടുത്തേണ്ടതുണ്ട്.എന്നാൽ ചുവടെ ചേർക്കുന്നവയുടെ ഫയൽ പരിശോധനയിൽ ആയതു രേഖപ്പെടുത്തിക്കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് |
|---|---|
| 1 | 129/21 കണ്ണയംക്കോട് വാലൻചേരി റോഡ് റീടാറിംഗ് |
| 2 | 130/21 നേതാജി മുക്ക് പരത്തൻക്കോട് കാലായിക്കോട് റോഡ് റീടാറിംഗ് |
| 3 | 131/21 പോങ്ങനാട് അയന്തിയിൽ റോഡ് റീടാറിംഗ് |

സെലക്ഷൻ നോട്ടീസിൽ തീയതി വച്ച് സെലക്ഷൻ നോട്ടീസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-36 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം - ഉചിതമായ നടപടി സ്വീകരിക്കുന്നില്ല</u>

പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012[ജി.ഒ.(പി)13/2012 /PWD//01.02.2012] സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവുമൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റതവണ ദീർഘിപ്പിച്ചു നൽകാവുന്നതും തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം പൂർത്തീകരണ കാലാവധിയുടെ 50%ത്തിൽ അധികമാകരുതെന്നും, ഈ കാലാവധിക്ക് ശേഷവും പൂർത്തികരിക്കാത്ത പ്രവൃത്തി ആധികാരികമല്ലായെന്നും, ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷം മാത്രമേ കരാറുകാരനു തുക നൽകാവൂവെന്നുമിരിക്കെ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനു മേൽ പരാമർശിച്ച നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നു ഫയൽ പരിശോധനയിൽ കണ്ടു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 129 |
| പദ്ധതിയുടെ പേര് | കണ്ണയംകോട് വാലൻചേരി റോഡ് റീടാറിംഗ് |
| അടങ്കൽ | 380000 |
| ചെലവ് | 358054 |
| ഫണ്ട് | മെ.ഫണ്ട് റോഡ് |
| കരാറുകാരൻ | ലൂണ.എസ്.കെ |
| എം.ബുക്ക് നമ്പർ | 367/2019-20 |

| | |
|---|---|
| ബിൽ ബുക്ക് നമ്പർ / തീയതി | 8/20-21/21.04.20 |
| കരാർ തീയതി | 16.07.2018 |
| പ്രവൃത്തിപൂർത്തീകരിക്കേണ്ട തീയതി | 15.10.2018 (3മാസം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 27.03.2020 |
| അധിക ദിവസങ്ങളുടെ എണ്ണം | 528 ദിവസം |

**2.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 131 |
| പദ്ധതിയുടെ പേര് | പോങ്ങനാട് അന്തിയിൽ റോഡ് റീടാറിംഗ് |
| അടങ്കൽ | 200000 |
| ചെലവ് | 186618 |
| ഫണ്ട് | മെ.ഫണ്ട് റോഡ് |
| കരാറുകാരൻ | ലൂണ.എസ്.കെ |
| എം.ബുക്ക് നമ്പർ | 366/2019-20 |
| ബിൽ ബുക്ക് നമ്പർ /തീയതി | 10/20-21/21.04.20 |
| കരാർ തീയതി | 16.07.2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 15.10.2018 (3 മാസം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 26.03.2020 |
| അധിക ദിവസങ്ങളുടെ എണ്ണം | 527 ദിവസം |

**3.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 130 |
| പദ്ധതിയുടെ പേര് | നേതാജിമുക്ക് പരത്തൻകോട് കാലായികോട് റോഡ് റീടാറിംഗ് |
| അടങ്കൽ | 435000 |
| ചെലവ് | 422040 |
| ഫണ്ട് | മെ.ഫണ്ട് റോഡ് |
| കരാറുകാരൻ | ലൂണ.എസ്.കെ |
| എം.ബുക്ക് നമ്പർ | 365/2019-20 |
| ബിൽ ബുക്ക് നമ്പർ /തീയതി | 9/20-21/21.04.20 |
| കരാർ തീയതി | 16.07.2018 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 16.07.2018( 3 മാസം) |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 23.03.2020 |
| അധിക ദിവസങ്ങളുടെ എണ്ണം | 524ദിവസം |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 28/21 ന ശക്തമായ കാലവർഷവും ,കോവിഡിന്റെ ലോക്ക്ഡൗൺ,കരാറുകാരന്റ വ്യക്തിപരമായ കാരണങ്ങളുമാണ് പ്രവൃത്തി വൈകുവാൻ കാരണമായതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ പ്രസ്തുത വിവരം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും യാതൊരു അപേക്ഷയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനുമായി സപ്ലിമെന്ററി കരാർ വെയ്ക്കുന്നതിനു 200/-രൂപയുടെ സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

ഭാവിയിൽ പൊതുമരാമത്ത് വകുപ്പ് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച പ്രവൃത്തികൾ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 എം.ബുക്കിൽ അളവ് തീയതി രേഖപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തുന്ന തീയതി എം.ബുക്കിലെ യഥാസ്ഥാനത്ത് രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ/പേര് | എം.ബുക്ക് നമ്പർ |
|---|---|---|
| 1 | 240/20-21<br>പള്ളിക്കുളം വിളയിൽ റോഡ് ബാലൻസ് പ്രവൃത്തികൾ | 419/20-21 |
| 2 | 26/20-21<br>ഉള്ളൂർകോണം ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് | 505/20-21 |
| 3 | 53/20-21<br>പുതിയകാവ് തൊടിയിൽ റോഡ് റീടാറിംഗ്-വാർഡ് 10 | 442/20-21 |
| 4 | 40/20-21<br>തെന്നൂർ റോഡ് കോൺക്രീറ്റിംഗ്-വാർഡ് 9 | 177/20-21 |
| 5 | 115/20-21<br>ഉള്ളൂർകോണം റോഡ് പാർശ്വഭിത്തി റോഡ് അറ്റകുറ്റപണി | 409/20-21 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/21 ന പ്രവൃത്തി ആരംഭിക്കുമ്പോൾ തന്നെ ഓരോ ഇനങ്ങളുടെയും അളവെടുത്ത് യഥാസമയം എം.ബുക്കിൽ രേഖപ്പെടുത്തി ഒപ്പ് വച്ച്, ഒപ്പിന താഴെ തീയതി രേഖപ്പെടുത്തിയാണ് പോകുന്നതെന്നും ഭാവിയിൽ എം.ബുക്കിന തീയതി രേഖപ്പെടുത്തേണ്ട സ്ഥാനത്ത് ആയതു രേഖപ്പെടുത്താമെന്നും മറുപടി ലഭ്യമാക്കി. എം ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 സ്ഥലപരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ, 2020-21ൽ നിർവ്വഹണം നടത്തിയ 92 പ്രവൃത്തികളിൽ 32 എണ്ണത്തിന്റെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|---|
| I | S0025/21 | തോപ്പിൽ അംഗൻവാടി അറ്റകുറ്റപണി |
| Ii | S0167/21 | പുതുമംഗലം സ്കൂളിൽ പ്രീ പ്രൈമറി ക്ലാസ് മുറി നിർമാണം |
| Iii | S0180/21 | തോപ്പിൽ അംഗൻവാടി ടോയിലറ്റ് നിർമാണം |
| Iv | S0147/21 | ആറ്റൂർ മൃഗാശുപത്രി ടോയിലറ്റ് നിർമാണം |

മുളയ്ക്കലത്തുകാവ് എഫ്.എച്ച്.സിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പ്രവൃത്തിയിൽ അധികമായി 15 ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. നിർമ്മാണവേളയിലെ സൈറ്റിലെ സാഹചര്യമാണ് എസ്റ്റിമേറ്റ് റിവിഷന് കാരണമായി വിശദീകരിച്ചിട്ടുള്ളത്(എൻക്വയറി നമ്പർ 29/24.09.2021ന്റെ മറുപടി). ആദ്യ എസ്റ്റിമേറ്റി ഉൾപ്പെടാത്ത സ്റ്റെയറിനുവേണ്ടിയും ഇനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം ജിംനേഷ്യമായി പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, സ്റ്റെയറിന് ഹാൻഡ് റെയിൽ നിർമ്മിച്ചിട്ടില്ല. പൊതു ജനങ്ങൾ ഉപയോഗിക്കുന്ന ജിംനേഷ്യത്തിലേക്കുള്ള സ്റ്റെയറിന് ഹാൻഡ് റെയിൽ നിർമ്മിക്കേണ്ടതാണ് അനിവാര്യമാണ്.

നെടുമ്പച്ച പറങ്കിമാംവിള റോഡിൽ പണയിൽ റാമ്പ് മെയിന്റനൻസ് പ്രവൃത്തിയിൽ നിർമ്മാണവേളയിൽ കരിങ്കൽ കെട്ട് തകർന്ന നിലയിലാണെന്ന് ബോധ്യപ്പെട്ടതിനാൽ കരിങ്കൽകെട്ട് പൂർണമായും പൊളിച്ചുമാറ്റി പുതിയ റാമ്പ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

പോങ്ങനാട് മുണ്ടയിൽകോണം റോഡ് പുനരുദ്ധാരമം പ്രവൃത്തിയിൽ പാർശ്വഭിത്തി കരിങ്കൽ കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയരുന്നതെങ്കിലും സ്ഥലം വെള്ളക്കെട്ടുള്ളതിനാൽ കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മാണം നടത്തണമെന്ന നാട്ടുകാരുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധനയും ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-39 എഫ്.എച്ച്.സിയിൽ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ - പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO207/20 |
| പേര് | എഫ്.എച്ച്.സിയിൽ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ |
| അടങ്കൽ | മറ്റുള്ളവ 388500 |
| ചെലവ് | ചെക്ക് നമ്പർ 485666/5.10.2020 തുക388500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി |

കിളിമാനൂർ എഫ്. എച്ച്.സിയിലെ സന്ദർശകരായ രോഗികൾക്ക് വ്യായാമം ചെയ്യുന്നതിന് അത്യാവശ്യം വേണ്ടുന്ന ഉപകരണങ്ങൾ സജ്ജമാക്കി ഒരു മെഡിക്കൽ ഫിറ്റ്നസ് കേന്ദ്രം സ്ഥാപിക്കുന്നതിനായി വകയിരുത്തിയിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നം. 13/2015/ ജി.ഒ(പി) നം. 03/2013/എസ്.പി.ഡി തീയതി 21.6.2013 ഖണ്ഡിക 7.2 പ്രകാരം ആകെ ആവശ്യകതയുടെ മതിപ്പ് മൂല്യം കണക്കാക്കുമ്പോൾ ഉന്നതാധികാരികളുടെ അംഗീകാരം ആവശ്യമുള്ള വാങ്ങലുകളിൽ ആയത് ഒഴിവാക്കുന്നതിനായി ഭാഗികമായി വാങ്ങലുകൾ നടത്തുവാൻ ആവശ്യകതയെ ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 12.12.2019ൽ ക്ഷണിച്ച ടെണ്ടറിൽ പി.എ.സി തുകയായി ഉൾപ്പെടുത്തിയിരുന്നത് 490000/- രൂപയായിരുന്നു. ബോഡി ഫിറ്റ്നെസ്സ് സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് 289765/-രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. തുടർന്ന് 19.8.2020ൽ മോട്ടോറൈസ്ഡ് ടെഡ് മില്ലിനായി 99999/- രൂപ അടങ്കലിൽ ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത ബോഡി ഫിറ്റ്നെസ്സ് സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്ന് തന്നെ 98,735/- രൂപയ്ക്ക് സാധനം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫിറ്റ്നെസ് സെന്ററിലേയ്ക്കാവശ്യമായ സാധനങ്ങൾ വ്യത്യസ്ത നടപടിക്രമങ്ങളിലൂടെ വാങ്ങിയതിനും സ്റ്റോർപർച്ചേയ്സ് ചട്ടങ്ങൾ പാലിക്കാത്തതിനും കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.30 ന് ഓഡിറ്റ് പരമായോ വേറെ അപാകതകൾ ഒഴിവാക്കുന്നതിനു വേണ്ടിയാണ് വ്യത്യസ്ത ക്വട്ടേഷനുകൾ പരിഗണിച്ചിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആവശ്യകതയെ ചെറിയ ഘടകങ്ങളായി വിഭജിക്കുക വഴി വാങ്ങലുകളിലെ സുതാര്യത നഷ്ടമാകുകയാണ് ഉണ്ടായത്. പ്രൊക്യൂർമെന്റ് ചട്ടങ്ങൾ, സ്റ്റോർ പർച്ചേയ്സ് മാന്വൽ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ വാങ്ങലുകളിൽ കർശനമായി പാലിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റി ഇവയുടെ കൃത്യമായ മേൽനോട്ടം നിർവ്വഹിക്കേണ്ടതുമാണ്.

## 1-40 ആർദ്രം പദ്ധതിയുടെ ഭാഗമായി ഡോക്ടർ നിയമനം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO011/21 |
| പേര് | ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമിച്ച ഡോക്ടർ, സ്റ്റാഫ് നഴ്സ് എന്നിവർക്ക് വേതനം നൽകൽ |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട്744000 |
| ചെലവ് | ബിൽ നം. 3/23.5.2020-62000<br>7/23.5.2020-62000<br>40/2.2.2021-77870<br>35/8.1.2021-21000<br>28/30.10.2020-21000<br>29/9.12.2020-21000<br>24/28.9.2020-21000<br>20/25.8.2020-21000<br>16/8.8.2020-21000<br>12/7.8.2020-62000<br>43/3.3.2021-62000<br>39/2.2.2021-21000<br>ആകെ – 4,72,870/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി |

ആർദ്രം പദ്ധതിയുടെ ഭാഗമായി നിയമിച്ച ഡോക്ടർ, സ്റ്റാഫ് നഴ്സ് എന്നിവർക്ക് വേതനം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് സർക്കുലർ നം. 210/ഡി.ബി/18/ത.സ്വ.ഭ.വ പ്രകാരം പി.എച്ച്. സി, സി.എച്ച്.സി എന്നിവയുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുന്നതിലേയ്ക്കായി ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്. അതാത് തദ്ദേശഭരണസ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ നടത്തി ഡോക്ടർമാരെ എടുക്കാവുന്നതല്ല. ലഭ്യമാക്കിയ ഫയൽ രേഖകൾ പ്രകാരം 29.6.2019ൽ പത്രപ്പരസ്യം മുഖേന ഹാജരായ ഉദ്യോഗാർത്ഥികളിൽനിന്ന് സ്ഥാപനത്തിൽ തന്നെ ഇന്റർവ്യൂനടത്തി ഡോ. അർച്ചന ഉദയനെ അസിസ്റ്റന്റ് സർജനായി തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. മെഡിക്കൽ ഓഫീസർ ഇൻ ചാർജിന്റെ 06.02.2020-ലെ നടപടിക്രമങ്ങൾ 49/2020/FHCK, Dated 06.02.2020 പ്രകാരം കൺസോളിഡേറ്റഡ് പേ ആയി 42000/- രൂപയാണ് വേതനം എന്നും എന്നാൽ അറ്റൻഡൻസിന്റെ അടിസ്ഥാനത്തിൽ മാത്രമേ വേതനം നൽകുകയുള്ളൂവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിൽ മാസം 41000/- രൂപ വേതനം രേഖപ്പെടുത്തുകയും എന്നാൽ ഡോ.പാർവതി എസ് കുമാറിന് 42000/- രൂപ വേതനം നിശ്ചയിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമല്ല.
31.01.2020ൽ ഡോ.അർച്ചന ഉദയൻ രാജി വയ്ക്കുകയും, ഡോ.പാർവതി എസ് കുമാറിനെ നിയമിക്കുകയും ചെയ്തു. 26.6.2020ൽ ഡോ.പാർവതി. എസ്.കുമാർ ജോലി രാജിവച്ചതിനെ തുടർന്ന് 9.10.2020ൽ പ്രസിഡന്റ് അധ്യക്ഷയായി ഇന്റർവ്യൂ ബോർഡ് ചേർന്നെങ്കിലും ആരും ഇന്റർവ്യൂവിൽ പങ്കെടുത്തില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 13.01.2021ൽ പത്രപ്പരസ്യം നൽകുകയും 14.01.2021 10.30 Am ന് ഇന്റർവ്യൂ നടത്തിയതായി രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ആവശ്യമായ സാവകാശം ലഭ്യമായിട്ടില്ലായെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇന്റർവ്യൂവിൽ പങ്കെടുത്ത നാല് ഉദ്യോഗാർത്ഥികളിൽനിന്ന് ഡോ. ഷിജിൻ. എസ് .ദാസിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറി നമ്പർ 30 ന് പത്രപ്പരസ്യം നൽകിയതിന്റെ പകർപ്പ് സമർപ്പിക്കുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇന്റർവ്യൂ നടത്തിയ കമ്മറ്റിയിൽ മെഡിക്കൽ ഓഫീസർ,പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻ എന്നിവരാണ് ഉണ്ടായിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത് തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് സർക്കുലർ നം. 210/ ഡി.ബി/18/ത.സ്വ.ഭ.വ ന്റെ സർക്കുലറിന് വിരുദ്ധമാണ്.

അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഡോ. അർച്ചനഉദയൻ 3.7.2019ലാണ് ജോയിൻ ചെയ്തതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കോവിഡ്-19ന്റെ സാഹചര്യത്തിലാണ് അന്നത്തെ പഞ്ചായത്ത് കമ്മിറ്റി ഡോ. പാർവതി. എസ്. കുമാറിനെ തെരഞ്ഞെടുത്തതെന്നും പഞ്ചായത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പ്രോജക്ടിൽ 42000/- രൂപയുടേയും 41000/- രൂപയുടേയും വ്യത്യാസം പഞ്ചായത്ത് കമ്മിറ്റി വരുത്തിയതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കായി വികസനഫണ്ടാണ് ചെലവഴിച്ചിരിക്കുന്നതെന്നതിനാലും പ്രോജക്ട് റിവൈസ് ചെയ്യാതെ ഇപ്രകാരം വേതനത്തിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ലായെന്നമിരിക്കെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിക്രമങ്ങൾ സ്വീകരിച്ച് ഡോക്ടറെ നിയമിക്കുകയും പ്രോജക്ട് റിവൈസ് ചെയ്യാതെ ഡോ. പാർവതി എസ് കമാറിന് 42000/-രൂപ നിരക്കിൽ വേതനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി ഇക്കാര്യങ്ങൾ പരിശോധിക്കേണ്ടതും തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ആർദ്രം പദ്ധതിയിലെ നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ആണെന്നും സുതാര്യമാണെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-41 കാർഷിക പ്രോജക്ടുകൾ മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല

2020-21 വർഷം പച്ചക്കറി കൃഷി, ഇടവിളകൃഷി എന്നിവയ്ക്കായി കൃഷി ഓഫീസറുടെ നിർവ്വഹണത്തിൽ വികസനഫണ്ട് ചെലവഴിച്ച് ചുവടെചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 60/21 | ജീവനി - വീട്ടിൽ ഒരടുക്കള തോട്ടം | 96250 |
| 2 | 77/21 | ഇടവിള കൃഷി വികസനം | 150000 |
| 3 | 194/21 | ഗ്രോബാഗിൽ പച്ചക്കറികൃഷി (വനിതകൾക്ക്) | 534000 |

പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതുവഴി ഉല്പാദന വർദ്ധനവുണ്ടായോയെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നു(ഓഡിറ്റ് എൻക്വയറി നമ്പർ 04 /23.09.2021). പ്രസ്തുത പ്രോജക്ടുകൾ അടുക്കളത്തോട്ട വികസന പദ്ധതികളാണെന്നും പദ്ധതികൾ നടപ്പാക്കിയത് മൂലം ഗുണഭോക്താക്കളുടെ കുടുംബങ്ങൾക്ക് വിഷരഹിത ഭക്ഷ്യവിളകൾ ഉപയോഗിക്കുന്നതിന് സാധിച്ചുവെന്നുമാണ് വിശദീകരണം.

പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രോജക്ടുകളിലൊന്നുംതന്നെ ഫലപ്രദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. വിശദീകരണമാവശ്യപ്പെട്ടതിനുശേഷം (ഓഡിറ്റ് എൻക്വയറി നമ്പർ 26 /24.09.2021) അപൂർണമായ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ലഭ്യമാക്കുകയാണുണ്ടായത്.

ഗ്രാമപഞ്ചായത്തിൽ ഇക്കോഷോപ്പ് പ്രവർത്തിക്കുന്നില്ല. കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുമില്ല.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമായ കാർഷിക യന്ത്രങ്ങളുടെ വിശദാംശം, നിലവിലെ അവസ്ഥ, അവയുടെ സൂക്ഷിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടതിന്, 2015-16 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം ഒരു കൊയ്ത്ത് യന്ത്രം വാങ്ങിയിട്ടുണ്ടെന്നും നിലവിൽ കർഷകസേവ പാടശേഖരസമിതിയുടെ കൈവശമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൻവർഷം നെൽകൃഷി വികസനത്തിനായി 11,24,200/-രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്തിൽ 8 പാടശേഖര സമിതികളുള്ള സാഹചര്യത്തിൽ കാർഷിക യന്ത്രങ്ങളുടെ കണക്ക് സൂക്ഷിക്കാത്തത് ഉചിതമല്ല.

അടിസ്ഥാനവിവരങ്ങൾ തയ്യാറാക്കി മേഖലയ്ക്കാവശ്യമായ പ്രോജക്ടുകൾ നടപ്പാക്കി കൃത്യമായ മോണിറ്ററിംഗ് വഴി അവയുടെ ഫലപ്രാപ്തി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 ഗ്രോ ബാഗിൽ പച്ചക്കറി കൃഷി - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രോബാഗിൽ പച്ചക്കറി കൃഷി (വനിതകൾക്ക്) | |
| പ്രോജക്ട് നമ്പർ | S0194/21 | |
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 642000 | 534000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 214000 | 178000 |
| ആകെ | 856000 | 712000 |
| ബിൽ നമ്പർ | 04/26.10.2020 തുക 360000<br>12/22.03.2021 തുക 120000<br>15/26.03.2021 തുക 54000 | |
| നിർവ്വഹണം | കൃഷി ഓഫീസർ | |

സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പോട്ടിംഗ് മിശ്രിതം നിറച്ച 20 ഗ്രോബാഗും പച്ചക്കറി തൈകളും ഒരു യൂണിറ്റായി കണക്കാക്കി 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായുള്ള പ്രോജക്ട്.

ബിൽ നമ്പർ 4 പ്രകാരം അഗ്രോ സർവ്വീസ് സെന്റർ, കിളിമാനൂരിൽ നിന്നും 300 യൂണിറ്റും ബിൽ നമ്പർ 12, 15 എന്നിവ പ്രകാരം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് കാർഷിക കർമ്മസേനയിൽ നിന്നും 145 യൂണിറ്റും വാങ്ങി. കാർഷിക സേവനകേന്ദ്രം, കിളിമാനൂർ , ഫെസിലിറ്റേറ്റർ 445 ഗുണഭോക്താക്കൾക്ക് ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്ത സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 357 ഗുണഭോക്താക്കളുടെ പേര് വിവരം എഴുതി ചേർത്തിരിക്കുന്നു. അതിൽ ഭൂരിഭാഗംപേരും ഗ്രോബാഗ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. വിതരണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽനോട്ടമുണ്ടായിട്ടില്ല. സമയബന്ധിതമായി പദ്ധതി പൂർത്തീകരണം നടത്തുന്നതിനാണ് രണ്ട് ഏജൻസികളെ പദ്ധതി നിർവ്വഹണത്തിൽ ഉൾപ്പെടുത്തിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 14/ 23.09.2021ന്റെ മറുപടി).

വിതരണത്തിനായി പ്രാഥമിക ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ രണ്ട് അഡിഷണൽ ലിസ്റ്റുകൾ കൂടി തയ്യാറാക്കിയിട്ടുണ്ട്. പ്രാഥമിക ലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാലും ലിസ്റ്റിലുള്ളവർക്ക് തന്നെ ആനുകൂല്യം ആവശ്യമില്ലാത്തതിനാലുമാണ് അഡിഷണൽ ലിസ്റ്റ് തയ്യാറാക്കേണ്ടിവന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 പ്രത്യേക കന്നുകുട്ടി പരിപാലനം - - സബ്സിഡി തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രത്യേക കന്നുകുട്ടി പരിപാലനം പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 300000/- രൂപ ബിൽ നമ്പർ 07/27.01.2021 പ്രകാരം പിൻവലിച്ച് എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. അവസാന മൂന്ന് വർഷങ്ങളിലെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു(അവലംബം-ഓഡിറ്റ് എൻക്വയറി നമ്പർ 31/25.09.2021ന്റെ മറുപടി).

| വർഷം | എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | | ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| | | | തീയതി | തുക | |
| 2018-19 | 562500 | 45 | 29.09.2021 | 529762.50 | 32737.50 |
| 2019-20 | 162500 | 13 | 29.09.2021 | 150095.50 | 12404.50 |
| 2020-21 | 300000 | 24 | 29.09.2021 | 118860 | 181140 |

മുൻവർഷങ്ങളിലും ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് കണക്കാക്കി, ബാക്കി നിൽക്കുന്ന തുകകൾ സംബന്ധിച്ച ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 തെരുവ് നായ നിയന്ത്രണം - തുക കൈമാറിയെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല - 98700/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0057/21 |
| അടങ്കൽ തുക | 98700(വികസന ഫണ്ട്) |
| ചെലവ് | 98700 |
| ബിൽ നമ്പർ | 01/16.06.2020 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

തെരുവ് നായ നിയന്ത്രണത്തിനായി നായ ഒന്നിന് 2100/-രൂപ നിരക്കിൽ 47 നായകൾക്ക് 98700/- രൂപ കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് കൈമാറി. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, മറ്റ് ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. തെരുവ് നായ നിയന്ത്രണ പദ്ധതി ലോക്ക് ഡൌൺ നിയന്ത്രണങ്ങളെ തുടർന്ന് നിർത്തി വച്ചിരുന്നതിനാൽ നിലവിൽ നടപ്പിലാക്കുന്നതേയുള്ളൂവെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 32/25.09.2021ന്റെ മറുപടി). വിനിയോഗരേഖകൾ ലഭ്യമാക്കുന്നതുവരേക്കും 98700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 പശുക്കുട്ടി വളർത്തൽ -അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് 16000/-രൂപയിൽ കുറയാതെ വിലയുള്ള കന്നുകുട്ടികളെ വാങ്ങി ഇൻഷ്വർ ചെയ്യുന്ന

മുറയ്ക്ക് സബ്സിഡി (50%) തുകയായ 8000/-രൂപ നൽകുന്നതിന് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി വിഭാവനം ചെയ്ത പ്രോജക്ടിൽ അർഹതയില്ലാത്ത ഗുണഭോക്താവിന് (ഭിന്നശേഷിക്കാരായ കുട്ടികളില്ലാത്തയാൾ) ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-46 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക 34,13,791 തടസ്സപ്പെടുത്തുന്നു

| പദ്ധതി നമ്പർ | പദ്ധതി യുടെ പേര് | ബിൽ നമ്പർ/ തുക | നൽകിയ സ്ഥാപനം | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|---|
| 4/21 | ഇൻഫർമേഷൻ കേരള മിഷന് തുക | 13/01-7-20 തുക 78118 | ഇൻഫർമേഷൻ കേരള മിഷൻ | വിനിയോഗ സാക്ഷ്യ പത്രം |
| 49/21 | പാഥേയം | 59/31-3-21 282240 | ജില്ലാ പഞ്ചായത്ത് | വിനിയോഗ സാക്ഷ്യ പത്രം |
| 247/21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 54/24-3-21 തുക 1700000 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 106/21 | 5, 7 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കല് | 47/ 23-2-21. തുക 269200 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 105/21 | 3-ാം വാർഡിലെ തേവയിൽ വട്ടവിള കോളനിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കല് | 46/25-2-21 തുക200000 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 236/21 | ചൊറിയണം കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്ടെൻഷൻ | 48/23-2-21. തുക 181200 | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 112/21 | വാർഡ് 4 ലേക്ക് പൈപ്പ് ലൈൻ എക്സ്ടെൻഷൻ | 7/29-5-20. 278909* 25/28-9-20. 221091 ആകെ 5,00,000/- | കേരള വാട്ടർ അതോറിറ്റി | വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 196/21 | ഏഴ്,എട്ട് , പതിനൊന്ന് വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക് | വൌച്ചർ നമ്പർ 22000180/23-6-20 36632 7602- | കെ എസ് ഇ ബി. കിളിമാനൂർ ഡിവിഷൻ നഗരൂർ | കരാർ, തുകയുടെ വിനിയോഗം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| 99/21 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണം ഏർപ്പെടുത്തുന്നതിന് വിഹിതം നൽകൽ | 28/28-9-20. 100000 | ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ | വിനിയോഗ സാക്ഷ്യ പത്രം |
| 128/21 | 11-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Vr.No.22000357/ 17.08.2020, തുക 58799/- | കെ.എസ്.ഇ.ബി, കിളിമാനൂർ | കരാർ തുകയുടെ വിനിയോഗം പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. * ഫയലിലെ രേഖ പ്രകാരം പദ്ധതി തുക അക്കൌണ്ട് മാറി വെള്ളക്കരം അടവാക്കുന്നതിനുള്ള അക്കൗണ്ടിലേക്കാണ് കൈമാറിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടിലെ

വ്യത്യാസം ക്രമപ്പെടുത്തിയതിന്റെയും തുക വാട്ടർ അതോറിറ്റിക്ക് ലഭിച്ചുവെന്നതിന്റെ രേഖയും ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 3413791/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-47 ജല ജീവൻ മിഷൻ പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല- തുക 3,84,075/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 225/21 |
| പ്രോജക്റ്റിന്റെ പേര് | ജല ജീവൻ മിഷൻ |
| അടങ്കൽ | 384075 |
| ചെലവ് | 384075 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ | 58/29-3-21 തുക 384075 |

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024ൽ കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്ത് , പ്രസ്തുത പദ്ധതിയുടെ പഞ്ചായത്തിന്റെ അടങ്കൽ തുകയായി 52404000/- വകയിരുത്തി. പഞ്ചായത്തിന്റെ വിഹിതമായി (15%) 7860600/- രൂപ ഒടുക്കുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി മേൽ ബിൽ പ്രകാരം തുക വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുക ൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

**I)**ബഹു ജില്ലാ കളക്ടറുടെ 5-7-21 തിയ്യതിയിലെ 533/2020/ഡി പി ഒ / തിരു /ജെ ജെ എം നമ്പർ ഉത്തരവു പ്രകാരം വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം കരാറിൽ ഏർപ്പെടാതെയാണ് തുക വാട്ടർ അതോറിറ്റിക്ക് നൽകിയത് .

**Ii)** പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നമ്പർ 44/28.09.21) ലഭ്യമാക്കിയ മറുപടിയിൽ ലിസ്റ്റ് ലഭ്യമാക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. മേൽ ഉത്തരവ് നിഷ്കർഷിക്കുന്ന രീതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**Iii)**പഞ്ചായത്ത് തല കർമ്മ സമിതി പദ്ധതി രേഖ തയ്യാറാക്കിയതായി ഫയലിൽ കാണുന്നു. എന്നാൽ സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ, യോഗ മിനിട്സ് എന്നിവ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല.

**Iv)**ഡീറ്റെയിൽഡ് എഞ്ചിനീയർ റിപ്പോർട്ട് പ്രകാരവും പഞ്ചായത്ത് തല കർമ്മ സമിതിയുടെ റിപ്പോർട്ട് പ്രകാരവും 4189 വീടുകൾക്കാണ് പുതിയ വാട്ടർ കണക്ഷൻ നൽകേണ്ടത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം 4417 പേർക്ക് പുതിയതായി കണക്ഷൻ നൽകുന്നതിനായി ഒരു വീടിന് 1186/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് പരിശോധിക്കാമെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

**V)** ബന്ധപ്പെട്ട ഉത്തരവിൽ ഇക്കാര്യത്തിനായി ഗ്രാമ പഞ്ചായത്തിൽ ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അക്കൌണ്ട് ആരംഭിച്ചിട്ടില്ല.

**Vi)** കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചതിന്റ വിവരം രേഖകൾ സഹിതം ലഭ്യമാക്കും വരെ ചെലവു തുക 384075 രൂപ തടസ്സപ്പെടുത്തുന്നു.

## 1-48 തെരുവ് വിളക്ക്- പരിപാലനം അപാകങ്ങൾ

2020-21 തെരുവ് വിളക്കുകളുടെ പരിപാലനത്തിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ അറ്റകുറ്റപണി എന്നിവയ്ക്കായി സ്പിൽ ഓവർ, തൻ വർഷം എന്നിങ്ങനെ രണ്ടു പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

| | |
|---|---|
| 1)പ്രോജക്റ്റ് നമ്പർ | 148/21(SPILL OVER PROJECT) |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 247300 |

| | |
|---|---|
| ചെലവ് | 247300 |
| ബിൽ നമ്പർ | 4/ 13-5-20 തുക 247300 |
| 2.പ്രോജക്റ്റ് നമ്പർ | 102/21(NEW) |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 90000 |
| ചെലവ് | 72682 |
| ബിൽ നമ്പർ | 57/ 28-3-21 തുക 72682 |

2019-20 വർഷത്തിൽ ആരംഭിച്ച് തൻ വർഷം സ്പിൽ ഓവർ ആയ ക്രമ നം ഒന്ന് പദ്ധതി പ്രകാരംതെരുവ് വിളക്ക് വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തി തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

പ്രസ്തുത പദ്ധതി പ്രകാരം തൻ വർഷം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ അപാകങ്ങൾ കാണുന്നു.

**I)**മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക കൈമാറുന്നതെന്നിരിക്കെ വാർഡ് അഞ്ചിന്റെ സാക്ഷ്യ പത്രത്തിൽ എത്ര തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ നടത്തി എന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**Ii)**വാർഡ് 13 ന്റെ സാക്ഷ്യ പത്രത്തിൽ വാർഡ് മെമ്പറുടെ പേരോ ഒപ്പോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

**Iii)**ക്രമ നം 2പ്രകാരമുള്ള പദ്ധതി പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും തൻ വർഷം 855 എണ്ണം എൽ ഇ ഡി ലൈറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല.

**Iv)** ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

**V)**പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

(തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച വിശദമായ പരാമർശം 2019-20 റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുണ്ട്.)

## 1-49 ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണി-അപാകങ്ങൾ - 289000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 119/21 |
| പ്രോജക്റ്റിന്റെ പേര് | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റെനൻസ് |
| ബിൽ നമ്പർ | 39/ 1-12-20 തുക 289000 |

പദ്ധതി പ്രകാരം തോപ്പിൽ കോളനി, പുതിയ കാവ്, മുളയ്ക്കലത്ത് കാവ് എന്നിവിടങ്ങളിലെ ഹൈ മാസ്റ്റ് ലൈറ്റുകൾ മെയിന്റെനൻസിനായി മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

**I)**ടെണ്ടർ ലഭിച്ചത് മാത്യു ജോസഫ് & അസോസിയേറ്റ് എന്ന സ്ഥാപനത്തിനാണ്. മാത്യു ജോസഫ് ടി സി എന്നവർ അഞ്ചു വർഷമായി കെ എസ് ഇ ബി യിൽ ഇലക്ട്രിക്കൽ കോൺട്രാക്ടർ ആണെന്നുള്ള ഒരു സാക്ഷ്യപത്രം ആണ് ഫയലിലുള്ളത്. പ്രസ്തുത കരാറുകാരന് ബി ക്ലാസ് ലൈസൻസ്, സൂപ്പർവൈസറി ലൈസൻസ് എന്നിവ ഉള്ളതിന്റെ രേഖകൾ ഫയലില്ല.

**Ii)**സ്ഥാപനത്തിനെ തിരഞ്ഞെടുത്തത് അംഗീകരിച്ച കമ്മറ്റി തീരുമാനം ലഭ്യമല്ല.

**Iv)**സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 10% തുക ഈടാക്കിയിട്ടില്ല.

**V)**ഫയലിൽ ലഭ്യമാക്കിയിട്ടുള്ള എഫ് ഡി രസീതിയിൽ ലീൻ മാർക്ക് ചെയ്തിട്ടില്ല.

**Vi)**പ്രവൃത്തി പൂർത്തീകരണ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട്, ലൈറ്റുകൾ ഏതു വർഷം സ്ഥാപിച്ചതാണെന്നതിന്റെ വിവരം, മെയിന്റനൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കുന്നതുവരെക്കും ചെലവു തുക 289000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-50 ലൈഫ് മൂന്നാം ഘട്ടം ഭവന സമുച്ചയ നിർമ്മാണത്തിന് ഭൂമി വാങ്ങൽ- അപാകങ്ങൾ - 63,84,789/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 213/21 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭൂരഹിത ഭവന രഹിതർക്ക് വേണ്ടി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ(ജനറൽ) |
| ബിൽ നമ്പർ, തുക | 19/21-8-20, 2224200 |
| പ്രോജക്റ്റ് നമ്പർ | 214/21 |
| പ്രോജക്റ്റിന്റെ പേര് | ഭൂരഹിത ഭവന രഹിതർക്ക് വേണ്ടി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ (Sc) |
| ബിൽ നമ്പർ തുക | 20/ 21-8-20, 875589 |
| ചെക്ക് നമ്പർ തുക | 5213252/20-8-20 , 3285000 ( ബ്ലോക്ക് വിഹിതം) |

പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി വസ്തു വാങ്ങിയതുമായി ബന്ധപ്പെട്ട് വസ്തു ഉടമകളായ ശ്രീമതി എ. ബിന്ദു , കുന്നത്തഴികത്ത് വീട് , തെന്നൂർ ( നിലവിൽ നാലാം വാർഡ് മെമ്പർ) എന്നവർക്കും ശ്രീമതി ഇന്ദിരാ ബായി, കുന്നത്തഴികത്ത് വീട്, തെന്നൂർ എന്നവർക്കും മേൽ ചെക്ക്, ട്രഷറി ബിൽ എന്നിവ പ്രകാരം യഥാക്രമം 2886389/- രൂപയും 3498400/- രൂപയും ആകെ 6384789/- രൂപ ചിറയൻകീഴ് തഹസിൽദാരുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

**I)**ഭൂമി വാങ്ങുന്നതിനായി ജി.ഒ (പി) 18/98 ത.സ്വ.ഭ.വ തീയതി 12-1-98 പ്രകാരം വൻ പ്രചാരണം നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം പ്രചാരണം നടത്തിയതിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

**Ii)**വസ്തു നൽകുന്നതിന് സന്നദ്ധരായി മേൽ പറഞ്ഞ വ്യക്തികളെ കൂടാതെ മിനി മോൾ പാറവിള, പുത്തൻ വീട് , വി കെ ദേവിക, ശ്രീ പാർവ്വതി, മുളയ്ക്കലത്തുകാവ് എന്നിവരും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത വ്യക്തികളുടെ അപേക്ഷയിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചതെന്ന വിവരം ലഭ്യമല്ല. പ്രസ്തുത ഭൂമിക്ക് തഹസിൽദാരിൽ നിന്നും ലഭിച്ച വാല്യുവേഷൻ, 15-7-20 ന നടന്ന നെഗോസിയേഷനിൽ മിനി മോൾ, ദേവിക എന്നിവർ പങ്കെടുത്തിരുന്നോ എന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44) വിശദാംശങ്ങൾ പരിശോധിച്ച് മറുപടി നല്കാമെന്നാണ് മറുപടി .

**Iii)**തഹസിൽദാരുടെ 6-7-20 തിയ്യതിയിലെ B2-5905/2020/KDIS നമ്പർ കത്ത് പ്രകാരം സർവ്വേ നം 40/5-3 തണ്ടപ്പേർ (ഇന്ദിരാ ബായി) 8040 ൽ 34.36 ആർ സ്ഥലത്തിന്റെ വാല്യുവേഷനാണ് നൽകി കാണുന്നത്. 12-8-20 ലെ ADP-TVM 799/2020 C2 തീയതി 12-8-20 പ്രകാരം ഡി ഡി പി നൽകിയ അനുയോജ്യതാ സാക്ഷ്യ പത്രത്തിലും 34.36 എന്നാണ് രേഖപ്പെടുത്തി കാണുന്നത്. എന്നാൽ, 14-8-20 ന രജിസ്റ്റർ ചെയ്ത 1127/20 നം ആധാര പ്രകാരം 31 .84 ആർ എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ആധികാരിക രേഖകളിൽ പിഴവ് വന്നത് എന്തുകൊണ്ടാണെന്ന് സ്ഥാപനം വിശദമാക്കിയിട്ടില്ല.

**Iv)** മേൽ പറഞ്ഞവരിൽ നിന്നും വാങ്ങിയ ഭൂമി വില്ലേജ് ഓഫീസർ അളന്ന തിട്ടപ്പെടുത്തേണ്ടതാണെന്ന് അനുയോജ്യതാ സാക്ഷ്യ പത്രത്തിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

**V)**ശ്രീമതി എ ബിന്ദു , കുന്നത്തഴികത്ത് വീട് , തെന്നൂര് എന്നവരുടെ ഭൂമിക്ക് ഡി ഡി പി ഓഫീസിൽ നിന്നും ലഭിച്ച അനുയോജ്യതാ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

**Vi)**ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

**Vii)**സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പോക്ക് വരവ് നടത്തിയതിന്റെ രേഖകൾ, പൊസഷൻ സർട്ടിഫിക്കറ്റ്, ROR , വാങ്ങിയ ഭൂമി ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

**Viii)**പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 161(5), 4-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾക്ക് നേരിട്ടോ അല്ലെങ്കിൽ മറ്റൊരാൾ മുഖാന്തിരമോ പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും ധനപരമായ അവകാശ ബന്ധമുള്ള ഏതെങ്കിലും കാര്യത്തിൽ വോട്ടുചെയ്യുകയോ അല്ലെങ്കിൽ അതിനെ പറ്റിയുള്ള ചർച്ചകളിൽ പങ്കെടുക്കുകയോ അഥവാ അപ്രകാരമുള്ള ഏതെങ്കിലും കാര്യത്തെ പറ്റി ചർച്ച നടക്കുകയോ ചെയ്യുമ്പോൾ പഞ്ചായത്തിന്റെയോ കമ്മറ്റിയുടെയോ ഏതെങ്കിലും യോഗത്തിൽ സന്നിഹിതനാവുകയോ ചെയ്യുന്നതിനെ നിരോധിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, വസ്തു വാങ്ങുന്നത് സംബന്ധിച്ച് 27-7-20 ന നടന്ന കമ്മറ്റിയിൽ ശ്രീമതി എ.ബിന്ദു (വാർഡ് മെമ്പർ-4-ാം വാർഡ്) പങ്കെടുത്തു കാണുന്നു. ഇത്തരത്തിലുള്ള പ്രവൃത്തി ഇതു സംബന്ധിച്ച നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്.

8. മേൽ വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട് എടുത്ത എല്ലാ കമ്മറ്റി തീരുമാനങ്ങളും ലഭ്യമാക്കുവാൻ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

9.അറുപത്തിമൂന്ന ലക്ഷം രൂപ ചെലവഴിച്ച നടത്തിയ ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ പർച്ചെയ്സിംഗ് കമ്മിറ്റി യാതൊരു വിധ ഇടപെടലും നടത്തിയിട്ടില്ല .

ഖണ്ഡിക പ്രകാരമുള്ള അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കും വരെക്കും 63,84,789/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമാക്കിയില്ല - 150000/-രൂപ തടസ്സപ്പെടുത്തുന്ന്

2020-21 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണത്തിനായി പി എച്ച് സി ക്ക് 150000/-രൂപ തനതു ഫണ്ട് വൌച്ചർ നമ്പർ 22000085/18-5-20 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

**1)** തദ്ദേശ സ്വയംഭരണ (ഡി സി ) വകുപ്പ് ,തിരുവനന്തപുരം,തീയതി 23.4.2015, നം 178649/ ഡി സി/2015/ ത സ്വ ഭ വ പ്രകാരമുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

എ. വാർഡ് തല ശുചിത്വ കൂട്ടായ്മ

ബി. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം

സി. വാർഡ് തല ശുചിത്വ മാപ്പിംഗ്

ഡി. പഞ്ചായത്ത് തല കർമ്മ പരിപാടി

ഇ.ഡ്രൈഡേ സന്ദേശം എല്ലാവീടുകളിലേക്കും

എഫ് . ബോധവത്കരണ പ്രവർത്തനങ്ങൾ

ജി. ഓരോ വാർഡിലും ക്ലീനിംഗ്, വേസ്റ്റ് ഡിസ്പോസൽ, സാനിട്ടേഷൻ മുതലായവ നടത്തുക

ചെലവ് നടത്തിയതിന്റെ വിശദമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി(നം.53/28-9-21)ക്ക് മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കും വരെക്കും ചെലവ് തുക 150000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അനിവാര്യം

| ക്രമ നമ്പർ | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം | 23 | |
| 2 | അംഗൻവാടി കുട്ടികളുടെ എണ്ണം | 349 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 18 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 5 | |
| 5 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | അങ്കണവാടികൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എൽ എസ് ജി ഡിയിൽ നിന്നും നൽകിയിട്ടില്ല.(കത്ത് കൊടുത്തു) 2019-20 ൽ അൺഫിറ്റ് ആയിരുന്ന അങ്കണവാടി നമ്പർ 70 അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. | |
| 6 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതല്ലെന്ന്L.S.G.D. എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | - | |
| 7 | ശൗച്യാലയങ്ങളുള്ളത് | 23 | |
| 8 | ചുറ്റുമതിലുള്ളത് | 15 (3 എണ്ണത്തിന് ഭാഗികം) | |

| | | | |
|---|---|---|---|
| 9 | വൈദ്യുതീകരിച്ചത് | 23 | |
| 10 | വാട്ടർ കൺക്ഷനുള്ളത് | 6 | |
| 11 | ധാന്യ സംഭരണിയുള്ളത് | 23 | |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 23 | |
| 13 | ബേബി ഫ്രണ്ട്ലിയായത് | - | |
| 14 | 31-03-2021 തിയ്യതിയിൽ അംഗൻവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 911637 | |
| 15 | നിരീക്ഷണ കമ്മിറ്റി രൂപീകരിച്ച അംഗൻവാടികളുടെ എണ്ണം | 23 | |
| 16 | നിരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | - | |
| 17 | അംഗൻവാടിയിൽ വിതരണം പോഷകാഹാരം സംബന്ധിച്ച്, നിരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | -- | |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3-312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | ലഭ്യമാക്കി | |

മേൽ പട്ടികയിൽ നിന്നും പഞ്ചായത്തിലെ 5 അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നു. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 911637/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിലുള്ളത്. ഈ തുക സ.ഉ നം 39033/ഡി സി.2/2010 ത.സ്വ.ഭ.വ 3/9/10 ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്കായി പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-53 അങ്കണവാടി പോഷകാഹാര വിതരണം - സ്റ്റോക്കിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ-47/20-21

പ്രോജക്റ്റിന്റെ പേര്-അങ്കണ വാടികൾക്ക് അനുപൂരക പോഷകാഹാരം

**A.**മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 23 അംഗനവാടികൾക്ക് റ്റി.എച്ച്.ആർ.എസ് മിശ്രിതം വാങ്ങിയതുമായി ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ വിവിധ അംഗനവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളിലെ വ്യത്യാസം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ(Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(Kg) |
|---|---|---|---|
| 46/16-5-20 | 79 | 70 | Nil |
| 58/25.06.20 | 81 | 73.500 | Nil |
| 70/12.09.20 | 63 | 45.500 | 56 |
| 46/16-5-20 | 65 | 52.500 | 56 |

B) **ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തതിലെ പൊരുത്തക്കേടുകൾ**

പ്രോജക്റ്റ് പ്രകാരം അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും അംഗനവാടി വർക്കർമാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | അംഗനവാടി നമ്പർ | ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്റർ ഇനം (Kg) | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ(Kg) |
|---|---|---|---|
| 0104115/2026 Dt 30-5-20 | 63 | കടല-15 | കടല-13 |
| 0104115/2099 Dt 14-9-20 | 81 | കടല-12 | Nil |
| 0104115/20248dt 27-3-21 | 61 | റാഗി-15 | റാഗി-10 |
| | ,, | ശർക്കര-12 | ശർക്കര-10 |

സ്റ്റോക്കിൽ വ്യത്യാസം വന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 48/28.09.2021) ലഭ്യമാക്കിയ മറുപടി പ്രകാരം അപാകത പരിഹരിക്കാമെന്നും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കാമെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് അപാകതകളെ കുറിച്ച് വിശദമായി 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## <u>1-54 ബഡ്സ് സ്കൂൾ -അടിസ്ഥാന സൌകര്യ വികസനം, അംഗീകാരം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

| | |
|---|---|
| അടങ്കൽ | 175000(വികസന ഫണ്ട്) |
| ചെലവ് | 153375 (വികസന ഫണ്ട്) |

5-8-20 മുതൽ പഞ്ചായത്തിനു കീഴിൽ (തോപ്പിൽ )പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിൽ അധ്യാപികയായി നിയമനം ലഭിച്ച വിദ്യാലക്ഷ്മി എന്നവർക്ക് വേതനം നൽകുന്നതിനാണ് മേൽ പദ്ധതി തൻ വർഷം നടപ്പിലാക്കിയിരിക്കുന്നത്. ബഡ്സ് സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ കൂടി പാലിക്കപ്പെടേണ്ടതുണ്ട്.

**1.**സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 പ്രകാരം , ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം , സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന് ലഭിച്ച അംഗീകാരം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 22/23-9-21)ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് കമ്മിറ്റി കൂടിയ ശേഷമേ സാമൂഹ്യ ക്ഷേമ ഡയറക്ടേറ്റിൽ അപേക്ഷ സമർപ്പിക്കുയുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയത്. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ

ത്വരിതപ്പെടുത്തേണ്ടതാണ്.

**2)**സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 പ്രകാരം ബഡ്സ് സ്കൂൾ മനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് മുൻകൈ എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിന് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരമുള്ള കമ്മിറ്റി രൂപികരിച്ച് സ്ഥാപനത്തിന്റെ പുരോഗതിയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കമ്മിറ്റി രൂപികരിക്കുന്നതിനും സ്ഥാപനത്തിന് അംഗീകാരം ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**3)**ബഡ്സ് സ്കൂൾ പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ)നം 144/13/ത സ്വ ഭ വ തിയ്യതി 6-4-13, 7-2-18 തിയ്യതിയിലെ സ ഉ 20/2018/ത സ്വ ഭ വ എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള അടിസ്ഥാന സൌകര്യങ്ങൾ സ്കൂളിൽ ലഭ്യമാക്കിയിതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ അത്തരം സൌകര്യങ്ങളില്ലായെന്നും , കുടുംബ ശ്രീ ജില്ലാ മിഷനിൽ നിന്നും 1250000/- രൂപയുടെ പ്രോജക്റ്റ് വച്ചിട്ടുണ്ടെന്നും ഈ വർഷം തന്നെ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-55 ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ അനിവാര്യം

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വനിതാ വികസന മേഘലയിൽ നിലവിലെ സ്ഥിതി അതീവ ഗുരുതരമെന്നും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സ്ത്രീധന പീഢനം, ഗാർഹിക പീഢനം എന്നിവ നിലനിൽക്കുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ മിനിട്സ് ലഭ്യമാക്കിയതിൽ 2020-21 വർഷം ഒരു തവണ മാത്രം യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് തല സമിതി രൂപീകരിച്ചതിന്റെയും ലഭിച്ച പരാതികൾ, സ്വീകരിച്ച നടപടികൾ എന്നിവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാർഡ് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## 2-1 ഇല്ല

-

## ഭാഗം -3

## 3-1 ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് പശുക്കുട്ടി വളർത്തൽ -അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0195/21 | |
| | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 224000 | 56000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 224000 | 56000 |
| ആകെ | 448000 | 448000 |
| ബിൽ നമ്പർ | 10/17.03.21 തുക 37297<br>12/27.03.21 തുക 10703<br>16/29.03.21 തുക 8000 | |
| നിർവ്വഹണം | വെറ്റിനറി സർജൻ | |

ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് 16000/-രൂപയിൽ കുറയാതെ വിലയുള്ള കന്നുകുട്ടികളെ വാങ്ങി ഇൻഷ്വർ ചെയ്യുന്ന മുറയ്ക്ക് സബ്സിഡി (50%) തുകയായ 8000/-രൂപ നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ട്.

ബിൽ നമ്പർ 10 പ്രകാരം 4 ഗുണഭോക്താക്കൾക്ക് 8000/- രൂപ വീതവും ഒരാൾക്ക് 5297/- രൂപയും ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ട രാധാമണി, കുമാർഭവൻ, ഒലിപ്പിൽ എന്ന ഗുണഭോക്താവിന് 16000/-രൂപ വിലയുള്ള പശുക്കുട്ടിയെ വിറ്റ അൽസി, ആർ.ജി.നിവാസ്, പുതിയകാവ് എന്നയാളിന്റെ അക്കൌണ്ടിലേക്ക് (നമ്പർ 686302010004122 പ്രസ്തുത അക്കൌണ്ട് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല) 5297/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബിൽ നമ്പർ12 പ്രകാരം 2703/-രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ആകെ 8000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. വികലാംഗയാണെന്ന സർട്ടിഫിക്കറ്റ് രമണി.എസ്, കുമാർഭവൻ, ഒലിപ്പിൽ എന്നയാളുടെ പേരിലുള്ളതാണ്. പ്രസ്തുത വ്യക്തി ഗുണഭോക്താവിന്റെ മകളാണെന്ന് തെളിയിക്കുന്ന രേഖകളില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പിൽ രമണി എന്നയാൾ ഉൾപ്പെട്ടിട്ടുമില്ല. രമണി എന്നയാൾ പൂർണമായും രാധാമണിയെ ആശ്രയിച്ച് കഴിയുന്നയാളായതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 38/25.09.2021ന്റെ മറുപടി). ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് ആനുകൂല്യം നൽകുന്നതിനായി രൂപീകരിച്ച് അംഗീകാരം വാങ്ങിയ പ്രോജക്ടായതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ 8000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി* | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4234038 | 214/21 ഭൂരഹിത ഭവന രഹിതർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിനു വസ്തു വാങ്ങൽ | 3285000 | 949038 |
| | | 51/21 ലൈഫ് ഭവന പദ്ധതി (ജനറൽ) | 190000 | 759038 |
| | | **ആകെ** | **3475000** | **759038** |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് 2342120/- | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് 1758196/- | | | | |
| *മുൻവർഷത്തെ നീക്കിയിരിപ്പ് തുകയിൽ നിന്നാണ് ഈ സാമ്പത്തിക വർഷത്തിൽ ചെലവ് ചെയ്തിരിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ സംയുക്ത പദ്ധതിയിക്കായി പഞ്ചായത്തിൽ തുകകളൊന്നും ലഭ്യമായിട്ടില്ല. | | | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2020-21സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പ്രോജക്ട് നം 128/21 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 58799 | - | 58799 |
| KSEB | പ്രോജക്ട് നം 196/21 ഇലക്ട്രിക് പോസ്റ്റ് | 44234 | -- | 44234 |

| | | | | |
|---|---|---|---|---|
| | ഷിഫ്റ്റിംഗ് | | | |
| KWA | പ്രോജക്റ്റ് നം 105/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 3 | 200000 | -- | 200000 |
| KWA | പ്രോജക്റ്റ് നം 106/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 5&7 | 269200 | -- | 269200 |
| KWA | പ്രോജക്റ്റ് നം 112/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 4 | 500000 (278909+ 221091) | -- | 500000 |
| KWA | പ്രോജക്റ്റ് നം225/21 ജലജീവൻ മിഷൻ | 384075 | -- | 384075 |
| KWA | പ്രോജക്റ്റ് നം 236/21 പൈപ്പ് ലൈൻ ദീർഘിപ്പിക്കല് | 181200 | -- | 181200 |
| KWA | പ്രോജക്റ്റ് നം 247/21 വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1700000 | -- | 1700000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 3540000/-രൂപ KURDFC വായ്പയായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | GO (Ms) 68/2018/ Lsgd/18.05.2018 | 24146619 | 20606619 | 2547844 | 21598775 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക | രസീത് നം/ തീയതി |
|---|---|---|---|---|
| 2018-19 | 1-14(1) | സെക്രട്ടറി (തൊഴിൽ നികുതി) | 1250/- | വൗച്ചർ നം 42000215/ 29.03.21 |
| | 1-14(2) | സെക്രട്ടറി (തൊഴിൽ നികുതി) | 1250/- | വൗച്ചർ നം 42000214/ 29.01.21 |
| | 1-22 | സെക്രട്ടറി (പെർമിറ്റ് ഫീ) | 181/- | 120110100759 21.06.20 |
| | 2(2-1) | അസി.എഞ്ചിനീയർ | 26991/- | വൗച്ചർ നം 42000084/ 21.10.21 |
| | 2(1) | അസി.എഞ്ചിനീയർ | 3965/- | വൗച്ചർ നം 42000082/ 21.10.21 |
| | 2(1) | അസി.എഞ്ചിനീയർ | 10269/- | വൗച്ചർ നം 42000085/ 21.10.21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.9 | 2014 | 4.1.4 | പോങ്ങനാട് സ്കൂൾ കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | തൽസ്ഥിതി തുടരുന്നു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

**ഇല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 83294680 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 87921676 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10720355 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8000 | ഡോ. അനുപമ ശശിധരൻ, വെറ്റിനറി സർജൻ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-44 | 98700 | ഡോ. ശാലുമോൾ.എസ്.എസ്., വെറ്റിനറി സർജൻ |
| 1-46 | 3413791 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി (781151/- രൂപ)<br>ശ്രീ. ഷാജി.എൻ., സെക്രട്ടറി(2632640/-രൂപ) |
| 1-47 | 384075 | ശ്രീ. ഷാജി.എൻ., സെക്രട്ടറി |
| 1-49 | 289000 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-50 | 6384789 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-51 | 150000 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| **ആകെ** | **10720355/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7-1 | 172600 | 01.04.2020 മുതൽ ചുമതല വഹിച്ച സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | ലഭ്യമല്ല | കടകമ്പള്ളിൽ, ചാത്തിയോട് ലെയിൻ, നാലാഞ്ചിറ.പി.ഒ. |
| ശ്രീ. ഷാജി.എൻ., സെക്രട്ടറി | സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത് | അഷ്ടമി, ചെമ്മരത്തുമുക്ക്, നഗരൂർ.പി.ഒ. കിളിമാനൂർ |
| ഡോ. അനുപമ ശശിധരൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കിളിമാനൂർ ഗ്രാമപഞ്ചായത്ത് | 'ശ്രീകാന്ത്', ഹൌസ് നമ്പർ 66, |

| | | |
|---|---|---|
| | | VVNRA,<br>NCCറോഡ്,<br>അമ്പലംമുക്ക്,<br>തിരുവനന്തപുരം |
| ഡോ.ശാല്യമോൾ.എസ്.എസ്.,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>പൂതക്കുളം ഗ്രാമപഞ്ചായത്ത് | കരുണ,പേരയം,<br>കുമ്പളം.പി.ഒ,<br>കുണ്ടറ,കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി: 05-05-2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി9/ 841 /2018 തീയതി:05-05-2018 | 1 |
| 2014-15 | കെ എസ് എ റ്റിവിഎം/ ജിപി9/ 841 /2018 തീയതി:05-05-2018 | 2 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2025/16 തീയതി:25.11.2016 | 6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1665/2017 | 8 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1846/2018 തീയതി.7.9.19 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1703 /2019 തീയതി 17.12.20 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1378 /2021 തീയതി | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്